


പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം


# പഞ്ചായത്ത്‌രാജ്


പുസ്തകം 61 ലക്കം 12 മാർച്ച് 2022


## വൃത്തിയുള്ള ജലാശയങ്ങൾക്കായ് തെളിനീരൊഴുകും നവകേരളം

പുഴയൊഴുകും മാണിക്കൽ

**സംസ്ഥാന ബഡ്ജറ്റ്**

## പ്രാദേശിക സർക്കാറുകൾക്ക് കാൽലക്ഷം കോടി


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

മാർച്ച് 2022


## അകത്ത്




വൃത്തിയുള്ള ജലാശയങ്ങൾക്കായ്
തെളിനീരൊഴുകും നവകേരളം
സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം - 2022 5

പുഴയൊഴുകും മാണിക്കൽ
ബി. മനോജ് 10

സംസ്ഥാന ബഡ്ജറ്റ് 2022-23പ്രാദേശിക
സർക്കാറുകൾക്ക് കാൽ ലക്ഷം കോടി
ഹുസൈൻ എം. മിന്നത്ത് 14

വനിതാദിനത്തിൽ നിറസാന്നിധ്യമായ
സ്ത്രീരത്നങ്ങൾ
കെ. എസ്. ശിവബിന്ദു 20

വിവരവും വിവരാവകാശവും
കെ. ആർ. രഞ്ജിത്ത് 26

പ്രവർത്തന മികവിൽ മിന്നി
കുടുംബശ്രീ രാജ്യത്ത് ഒന്നാമത് 30

കഥയെഴുത്തിന്റെ ലോകത്ത് കരുത്തോടെ
ആശ എസ്. പണിക്കർ 34





നെല്ലുകുത്ത് നിലച്ച നെല്ലുകുത്ത് മില്ലുകൾ
മുരളീധരൻ തഴക്കര 40


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 33

ഊരും പേരും -19 37

എന്റെ മലയാളം 38

എന്ന് വായനക്കാർ 42

മാർച്ച് 2022
പുസ്തകം 61 ലക്കം 12
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലൂ തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# തെളിനീരൊഴുകുന്ന നവകേരളത്തിനായി കൈകോർക്കാം

ജലസ്രോതസ്സുകളാൽ സമ്പുഷ്ടമാണ് നമ്മുടെ കേരളം. നദികളും പുഴകളും കുളങ്ങളും കായലുകളും ഒക്കെ ചേർന്നുള്ള പ്രകൃതിരമണീയതയാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്നത്. ആ ഭൂമിയുടെ നിറസാന്നിദ്ധ്യമായ ജലസ്രോതസ്സുകൾ ഇന്നലെകളെ പോലെ മാലിന്യമുക്തമായി നിലനിർത്തേണ്ടത് ഇന്നത്തെ മാത്രമല്ല ഭാവി തലമുറയോടുള്ള കരുതൽ കൂടിയാണ്.

നാല്പത്തിനാല് നദികൾ, മുപ്പത്തിമൂന്ന് കായലുകൾ, അഞ്ച് ശുദ്ധജലതടാകങ്ങൾ, എൺപതോളം ഡാമുകൾ, ദശലക്ഷക്കണക്കിന് കുളങ്ങളും കിണറുകളും ഉള്ള പ്രകൃതിരമണീയതയിൽ മാത്രമല്ല, ജലസമൃദ്ധിയിലും അനുഗ്രഹിക്കപ്പെട്ട നാടാണ് കേരളം പക്ഷെ ഇന്ന് നമ്മുടെ ജലാശയങ്ങളും ജലസ്രോതസ്സുകളും ഭീകരമാംവിധം മലിനീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ശുചിമുറി മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ തുടങ്ങി പലവിധ മാലിന്യങ്ങളാൽ ജലസ്രോതസ്സുകൾ വിനാശകരമാംവിധം മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. നമ്മൾ കടിക്കുവാനും കുളിക്കുവാനും കൃഷിക്കും ഒക്കെ ആശ്രയിച്ചിരുന്ന പുഴകൾ, കുളങ്ങൾ ഇവയിൽ നിന്നൊക്കെ അകന്നുമാറി കുളിമുറിയിലേക്കും കുപ്പിവെള്ളത്തിലേക്കും നമ്മൾ കൂട്ടുകൂടിയപ്പോൾ ജലാശയങ്ങളോടും ജലസ്രോതസ്സുകളോടുമുള്ള ഇഴയടുപ്പം നമുക്ക് നഷ്ടമാവുകയും വിസ്മൃതിയിലേക്ക് മറയുകയും ചെയ്തതിനാൽ തന്നെ ജലാശയങ്ങൾ മലിനപ്പെട്ടാലും നമുക്ക് ഒന്നുമില്ലെന്ന ഒരു മിഥ്യാബോധത്തിന്റെ പരിണിതഫലമാണ് ജലാശയങ്ങളിലെ മലിനീകരണം ഇത്രമേൽ ദുഷ്കരമാക്കിയത്. ജലസ്രോതസ്സുകളിലെ വിവിധതരം മാലിന്യനിക്ഷേപംമൂലം അവ മലിനപ്പെടുകയും അതിലൂടെ ഗുരുതരമായ രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ ഉണ്ടാവുകയും ചെയ്യുന്നു.

ജലസ്രോതസ്സുകൾ നമ്മുടേതാണെന്നും അവ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടേയും വരുംകാല തലമുറകളുടേയും നിലനില്പിന്റെ ആവശ്യകതയാണെന്നും ഉൾക്കൊള്ളുന്ന ഒരു ശൈലി വികസിപ്പിക്കുന്നതിലൂടെ മാത്രമേ പ്രശ്നപരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഇതിനായി 'തെളിനീരൊഴുകുന്ന നവകേരളം' എന്ന പേരിൽ ജനകീയ പങ്കാളിത്തത്തോടെ ഒരു ക്യാമ്പയിൻ ആരംഭിക്കുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പിന്റെ മേൽനോട്ടത്തിൽ ഹരിതകേരളം മിഷന്റേയും ശുചിത്വമിഷന്റേയും പങ്കാളിത്തത്തോടെയും അനുബന്ധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടും കൂടിയാണ് പ്രസ്തുത ക്യാമ്പയിൻ നടപ്പിലാക്കുന്നത്. നമുക്കും വരുതലമുറകൾക്കും ഭാവികേരളത്തിനും ജലസമൃദ്ധിയും ജലശുചിത്വവും ജലസ്രോതസ്സുകളുടെ തനിമയും നിലനിർത്തുന്നതിന് 'തെളിനീരൊഴുകും നവ കേരളം' എന്ന പദ്ധതിയുടെ പൂർണ്ണതയ്ക്കായി നമുക്ക് കൈകോർക്കാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.**
- ഡോ. എ.പി.ജെ. അബ്ദുൽ കലാം

# വൃത്തിയുള്ള ജലാശയങ്ങൾക്കായ് തെളിനീരൊഴുകും നവകേരളം

## സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം - 2022

ജലസ്രോതസ്സുകളാൽ സമ്പുഷ്ടമാണ് നമ്മുടെ കേരളം. നദികളും, പുഴകളും, കായലുകളുമൊക്കെ ചേരുന്ന പ്രകൃതി രമണീയതയാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്നത്. സംസ്ഥാനത്തിന്റെ കുടിവെള്ള ആവശ്യകതയും ജലസേചനവും കൃഷിയും വിനോദ സഞ്ചാരവുമെല്ലാം ഇവിടത്തെ ജലസ്രോതസ്സുകളെ ആശ്രയിച്ചാണ് മുന്നോട്ടുപോവുന്നത്. എന്നാൽ വിവിധതരം മാലിന്യ നിക്ഷേപം മൂലം നമ്മുടെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുകയും അതിലൂടെ ഗുരുതര രോഗങ്ങൾക്കും, പകർച്ചവ്യാധികൾക്കും കാരണമാവുകയും ചെയ്യുന്ന സ്ഥിതിയാണിന്നുള്ളത്.

ജല സ്രോതസ്സുകൾ നമ്മുടേതാണെന്നും അത് സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെയും വരും തലമുറകളുടേയും നിലനിൽപ്പിന്റെ ആവശ്യകതയാണെന്നും ഉൾക്കൊള്ളുന്ന ജീവിതശൈലി വികസിപ്പിക്കുന്നതിലൂടെ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാനാകൂ. ഇതിനായാണ് നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി തെളിനീരൊഴുകും നവകേരളം എന്ന പേരിൽ ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു ക്യാമ്പയിൻ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. പുഴകളും നീർച്ചാലുകളും വീണ്ടെടുക്കാനുള്ള 'ഇനി ഞാനൊഴുകട്ടെ' പരിപാടിയുടെ തുടർച്ചയായാണ് തെളിനീരൊഴുകും നവകേരളം വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും പങ്കാളിത്തത്തോടെയും അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടേയും സംഘടനകളുടെയും സഹകരണത്തോടെയുമാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നത്.





## ജലമലിനീകരണം മൂലമുണ്ടാകുന്ന ഗുരുതര പ്രത്യാഘാതങ്ങൾ

- ശുദ്ധജലദൗർലഭ്യമുണ്ടാകുന്നു, കുടിവെള്ളവിതരണം, കുടിവെള്ളപദ്ധതികൾ എന്നിവ തടസ്സപ്പെടുന്നു
- ജലജന്യരോഗങ്ങൾ വ്യാപിക്കുകയും പൗരൻമാരുടെ മരണത്തിനുതന്നെ കാരണമാകുകയും ചെയ്യുന്നു
- രോഗങ്ങൾമൂലം തൊഴിൽദിനങ്ങൾ നഷ്ടമാവുകയും വ്യക്തികളുടെയും നാടിന്റെയും ഉൽപ്പാദനക്ഷമതയും, സാമ്പത്തികസ്ഥിതിയും അവതാളത്തിലാവുകയും ചെയ്യുന്നു.
- ക്യാൻസർ, ത്വക്ക്, ഉദരരോഗങ്ങൾ പോലെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുന്നു.
- ജലസ്രോതസ്സുകളെ ആശ്രയിക്കുന്ന സസ്യ- മൃഗാധികളെയും മനുഷ്യരാശിയേയും പ്രതികൂലമായി ബാധിക്കുന്നു.

## ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് എങ്ങനെ

- വീടുകളിലേയും സ്ഥാപനങ്ങളിലേയും അടുക്കള, ശുചിമുറി എന്നിവിടങ്ങളിൽ നിന്ന് പുറംതള്ളുന്ന മലിനജലംമൂലവും സെപ്റ്റിക് ടാങ്കുകളിൽ നിന്ന് ടാങ്കർ ലോറികൾ മുഖേന ശേഖരിച്ച് നിക്ഷേപിക്കപ്പെടുന്ന വിസർജ്യവസ്തുക്കൾ വഴിയും.
- വ്യവസായ ശാലകൾ, അറവുശാലകൾ, ഫാക്ടറികൾ, സർവീസ് സ്റ്റേഷനുകൾ, വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിൽ നിന്ന് ജലാശയങ്ങളിലേക്ക് പുറംതള്ളുന്ന മലിനജലത്താൽ (എഫ്ലുവെന്റ്)
- ആട്, കോഴി, കന്നുകാലിഫാമുകൾ, ചന്തകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ആഡിറ്റോറിയങ്ങൾ, ഹോസ്റ്റലുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് പുറംതള്ളുന്ന മലിനജലത്താൽ
- ജലസ്രോതസ്സുകളിൽ നേരിട്ട് നിക്ഷേപിക്കപ്പെടുന്നതും ഒഴുകിയെത്തുന്നതുമായ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ, ഇറച്ചിമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങളാൽ.

## പരിഹാര മാർഗ്ഗങ്ങൾ

- വീടുകളിലും ചെറുകിട സ്ഥാപനങ്ങളിലും സോക്ക്പിറ്റ്/ലീച്ച് പിറ്റ് എന്നിവ സ്ഥാപിക്കൽ
- ഇടത്തരം സ്ഥാപനങ്ങളിൽ-ചെറുകിട സ്വീവേജ്/സെപ്റ്റേജ് സംവിധാനം ഏർപ്പെടുത്തൽ
- വലിയ സ്ഥാപനങ്ങൾക്ക് - സ്വീവേജ്/സെപ്റ്റേജ്/എഫ്ലുവന്റ് ട്രീറ്റ്മെന്റ് സംവിധാനം ഏർപ്പെടുത്തൽ
- അശാസ്ത്രീയ കക്കൂസ് നിർമ്മിതികളെയും കക്കൂസ് കുഴികളെയും ഇരട്ടക്കുഴി,



സെപ്റ്റിക് ടാങ്ക് സംവിധാനത്തിലേക്ക് മാറ്റൽ

- കക്കൂസ് ബന്ധിത ബയോഗ്യാസ് പ്ലാന്റ്കളുടെ നിർമ്മിതി വ്യാപിപ്പിക്കൽ
- കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ വ്യാപിപ്പിക്കൽ
- ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും സർക്കാർ അംഗീകൃത പാഴ്വസ്തു ശേഖരണകലണ്ടർ പ്രകാരമുള്ള പാഴ്വസ്തു ശേഖരണം ഉറപ്പാക്കൽ
- പ്രത്യേകം കൈകാര്യം ചെയ്യേണ്ട ഇറച്ചിമാലിന്യം, മുടിമാലിന്യം, കെട്ടിടാവശിഷ്ടങ്ങൾ, സാനിട്ടറിമാലിന്യം തുടങ്ങിയവയുടെ ശാസ്ത്രീയസംസ്കരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയോ അത്തരം സൗകര്യങ്ങളുള്ള സ്ഥാപനങ്ങളുമായി ധാരണയിലെത്തി ശാസ്ത്രീയസംസ്കരണം ഉറപ്പാക്കൽ
- അജൈവപാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

- പ്രത്യേക ഭരണസമിതിയോഗം -ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച തീരുമാനങ്ങൾക്കായി
- ജലസമിതികൾ-തദ്ദേശസ്വയംഭരണ സ്ഥാപനതല/വാർഡ്തല ഏകോപനത്തിനായി
- ജലനടത്തം - ജനകീയ പങ്കാളിത്തത്തോടെ ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ/ മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തുന്നതിനായി
- ജലസഭ - മലിനീകാരികളായ ഉറവിടങ്ങളെ പട്ടികപ്പെടുത്തൽ, ജലസ്രോതസ്സുകളുടെ ശുചിത്വ അവസ്ഥാവിലയിരുത്തൽ എന്നിവയ്ക്കായി
- ജലഗുണ നിലവാര പരിശോധന ഗുരുതര മലിനീകരണം നേരിടുന്ന ഇടങ്ങളിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ജലത്തിന്റെ ഗുണ നിലവാര അവസ്ഥ വിലയിരുത്തൽ
- ജനകീയ ശുചീകരണയജ്ഞം - ജല ശുചിത്വ സുസ്ഥിരതക്കായി
- ജനകീയമായി മാലിന്യം തരംതിരിക്കൽ - ശുചീകരണയജ്ഞത്തിന്റെ ഭാഗമായി ലഭിക്കുന്ന പാഴ്വസ്തുക്കൾ പരമാവധി വീണ്ടെടുത്ത് പുനചക്രമണത്തിന് ക്ലീൻ കേരള കമ്പനിക്ക് കൈമാറൽ, അഴുകുന്ന മാലിന്യങ്ങൾ കുഴികമ്പോസ്റ്റാക്കൽ.
- ജനകീയ ജലവിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കൽ
- സമ്പൂർണ്ണ ജലശുചിത്വത്തിനായി കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കൽ
- മികച്ച ആസൂത്രണത്തിലൂടെ ദ്രവ മാലിന്യസംസ്ക്കരണപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കൽ.
- വാതിൽപ്പടി പാഴ്വസ്തു ശേഖരണം സർക്കാർ അംഗീകൃത കലണ്ടർ പ്രകാരം സംഘടിപ്പിക്കൽ
- പ്രത്യേകം കൈകാര്യം ചെയ്യേണ്ട ഇറച്ചി മാലിന്യം, മുടിമാലിന്യം, കെട്ടിടാവശി



**പുഴകളും നീർച്ചാലുകളും വീണ്ടെടുക്കാനുള്ള 'ഇനി ഞാനൊഴുകട്ടെ' പരിപാടിയുടെ തുടർച്ചയായാണ് തെളിനീരൊഴുകും നവകേരളം വിഭാവനം ചെയ്തിട്ടുള്ളത്**





ഷ്ടങ്ങൾ, സാനിട്ടറി മാലിന്യം തുടങ്ങിയവയുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കൽ.

- ഖര-ദ്രവ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലെ അവസ്ഥ വിലയിരുത്തി ഗാർഹിക, സ്ഥാപന, പൊതുയിടങ്ങളിലേക്ക് ആവശ്യമുള്ള പദ്ധതികൾ ശുചിത്വമിഷൻ സഹായത്തോടെ നടപ്പിലാക്കൽ
- ജലമലിനീകരണത്തിനെതിരായ നിയമനടപടികൾ കർശനമാക്കൽ
- ജനകീയ വിജിലൻസ് സംവിധാനം ഏർപ്പെടുത്തൽ, തെളിവുകൾ സഹിതം പരാതികൾ നൽകുന്നവർക്ക് പാരിതോഷികം നൽകി പ്രോത്സാഹിപ്പിക്കൽ
- നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കൽ.

### പിന്തുണാ സംവിധാനങ്ങൾ

- തദ്ദേശസ്ഥാപനങ്ങൾക്ക് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സഹായകരമായ രീതിയിൽ വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും സംഘടനകളുടെയും പിന്തുണ ഉറപ്പാക്കുന്നതിലേക്കായി സംസ്ഥാന - ജില്ലാതല ജലസമിതികളും (സംഘാടക സമിതി) ക്യാമ്പയിൻസെല്ലുകളും പ്രത്യേകം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.
- തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും വാർഡ് തലത്തിലും സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രത്യേക ജലസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കണം. ഇത് പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകരമാകും.
- എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ്, നെഹ്റു യുവജനകേന്ദ്ര, സാമൂഹികസന്നദ്ധസേന, യൂത്ത് ക്ലബ്ബുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, വ്യാപാരി വ്യവസായ സംഘടനകൾ, തൊഴിലാളി സംഘടനകൾ, വിവിധ രാഷ്ട്രീയ-സാമൂഹിക-സാമുദായിക-കലാ-കായിക മേഖലകളിലുള്ളവർ എന്നിവരുടെ യോഗം തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ ചേർന്ന് പ്രവർത്തന/പ്രചരണ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.
- ശുചിത്വമിഷന്റെ സംസ്ഥാന-ജില്ലാ മിഷനുകളിൽ പ്രവർത്തിക്കുന്ന ക്യാമ്പയിൻ മീഡിയാസെല്ലിന്റെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

### പൗരനെന്ന നിലയിൽ നാം ചെയ്യേണ്ടത്

- ഒറ്റതവണ ഉപയോഗിക്കുന്ന (ഡിസ്പോസിബിൾ) ഉൽപ്പന്നങ്ങൾ ഒഴിവാക്കുക
- പാഴ്‌വസ്തുക്കൾ തരംതിരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുക.
- അഴുകുന്ന പാഴ്‌വസ്തുക്കൾ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കിമാറ്റുക. ഇതിനാ



യുള്ള ഉപാധികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ അംഗീകൃത സേവനദാതാക്കളിൽ നിന്നോ വാങ്ങി ഉപയോഗിക്കുക.

- പാഴ്‌വസ്തുക്കൾ പൊതുയിടങ്ങളിലും, ജലസ്രോതസ്സുകളിലും വലിച്ചെറിയാതിരിക്കുക, കത്തിക്കാതിരിക്കുക.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ശുചിത്വ-മാലിന്യസംസ്ക്കരണ പദ്ധതികളോട് സഹകരിക്കുക.
- അടുക്കള, ശുചിമുറികൾ എന്നിവിടങ്ങളിലെ മലിനജലം പൊതുഓടയിലേക്കോ ജലസ്രോതസ്സുകളിലേക്കോ ഒഴുക്കിവിടാതിരിക്കുക. മലിനജലം പരിപാലിക്കുന്നതിന് സോക്ക്പിറ്റ്, സെപ്റ്റിക് ടാങ്ക് സംവിധാനങ്ങൾ സജ്ജമാക്കുക
- കക്കൂസ് ബന്ധിത ബയോഗ്യാസ് പ്ലാന്റുകൾ സജ്ജമാക്കി ഊർജ്ജോൽപ്പാദനം കാര്യക്ഷമമാക്കുക.

●●●

**അടുക്കള, ശുചിമുറികൾ എന്നിവിടങ്ങളിലെ മലിനജലം പൊതു ഓടയിലേക്കോ ജലസ്രോതസ്സുകളിലേക്കോ ഒഴുക്കി വിടാതിരിക്കുക. മലിനജലം പരിപാലിക്കുന്നതിന് സോക്ക്പിറ്റ്, സെപ്റ്റിക് ടാങ്ക് സംവിധാനങ്ങൾ സജ്ജമാക്കുക**

●●●

### തെളിനീരൊഴുകും നവകേരളം

44 നദികൾ, 33 കായലുകൾ, 5 ശുദ്ധജല തടാകങ്ങൾ, 80 ഓളം ഡാമുകൾ, ലക്ഷത്തിലേറെ കുളങ്ങളും കിണറുകളും, കേരളം എന്തുകൊണ്ട് ദൈവത്തിന്റെ സ്വന്തം നാടായി എന്ന് ചോദിച്ചാൽ ഈ കണക്കുകൾ തന്നെ അതിനുള്ള ഉത്തരം നൽകും. അതുകൊണ്ട് തന്നെ ആ പേര് നിലനിർത്തേണ്ടതും, ഭാവിതലമുറയ്ക്ക് വേണ്ടി അവ കാത്തുസൂക്ഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്തമാണ് എന്നാൽ ഖരമാലിന്യനിക്ഷേപത്താലും കക്കൂസ് മാലിന്യങ്ങളാലും മറ്റും ജലസ്രോതസ്സുകൾ ഗുരുതര മലിനീകരണഭീഷണിയിലാണ്. ഇത് ശുദ്ധജല ദൗർലഭ്യത്തിനും വിവിധതരം ജലജന്യരോഗങ്ങൾക്കും കാരണമാകുന്നു. ഈ സാഹചര്യത്തിലാണ് 'തെളിനീരൊഴുകും നവകേരളം' പദ്ധതിക്ക് പ്രാധാന്യമേറുന്നത്.

### ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപം നിയമപരമായ ശിക്ഷാനടപടികൾ

| ശിക്ഷാർഹമായ പ്രവൃത്തി | നിയമ പ്രകാരമുള്ള നടപടി |
|---|---|
| പൊതുജലാശയത്തിലോ, ജലമാർഗ്ഗത്തിലോ, ചപ്പുചവറുകളോ, മാലിന്യമോ വിസർജ്യവസ്തുക്കളുടെ അവശിഷ്ടങ്ങളോ നിക്ഷേപിക്കുക, ഒഴുക്കിവിടുക. | കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 219 (ടി), കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 340 (എ) എന്നിവ പ്രകാരം ജാമ്യമില്ലാക്കുറ്റമായി പരിഗണിക്കാവുന്നതും, 10000 രൂപ മുതൽ 25000 രൂപ വരെ പിഴശിക്ഷയോ, ഒരു വർഷം വരെ തടവുശിക്ഷയോ ലഭിക്കാവുന്നതുമാണ്. |
| ജലാശയങ്ങളിൽ ചവറോ, മലിനവസ്തുക്കളോ മലിനജലമോ ഒഴുക്കുന്നത് | കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്ട് 2018 പ്രകാരം മൂന്നുവർഷം വരെ തടവുശിക്ഷയോ, രണ്ട് ലക്ഷം വരെ പിഴയോ, രണ്ടും കൂടിയ ശിക്ഷയോ ലഭിക്കാവുന്നതാണ്. |



# പുഴയൊഴുകും മാണിക്കൽ

**■ ബി. മനോജ്**

ഒരു ഗ്രാമത്തിന്റെ ഹൃദയസിരയായി ഒഴുകിയിരുന്ന പുഴയെ നാശത്തിൽ നിന്ന് വീണ്ടെടുക്കാൻ നാടൊരുമിക്കുന്ന കഥയാണ് പുഴയൊഴുകും മാണിക്കലിന് പറയാനുള്ളത്. പുഴ വീണ്ടെടുക്കൽ മാത്രമല്ല വീണ്ടെടുക്കുന്ന പുഴയെ നിലനിർത്തി പരിപാലിക്കുകയും അനുബന്ധ വികസനപദ്ധതികൾ നടപ്പാക്കുകയുമാണ് മാണിക്കൽ ഗ്രാമപഞ്ചായത്ത്.

## പദ്ധതി ഇങ്ങനെ

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട തമ്പുരാൻ-തമ്പുരാട്ടി പാറയുടെ അടിവാരത്തിൽ നിന്ന് ഉത്ഭവിച്ച് പഞ്ചായത്തിന് കുറുകെ ഒഴുകി അഞ്ചുതെങ്ങ് കായലിൽ ചേരുന്ന മാമംപുഴ കേരളത്തിലെ 44 നദികളിലൊന്നാണ്. 27 കി.മീ. നീളമുള്ള ഈ പുഴയുടെ തുടക്കത്തിലെ 10 കി.മീറ്ററിലധികം മാണിക്കൽ ഗ്രാമപഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രധാനമായും പതിനൊന്ന് വാർഡുകളിലൂടെയാണ് ഈ പുഴ കടന്നുപോകുന്നതെങ്കിലും 21 വാർഡുകളിൽ നിന്നുമുള്ള ചെറുതും വലുതുമായ തോടുകൾ ഈ പുഴയിൽ വന്നുചേരുന്നുണ്ട്. മാണിക്കൽ പ്രദേശത്ത് വേളാവൂർ തോട് എന്ന പേരിൽ അറിയപ്പെടുന്ന ഈ പുഴയുമായി ബന്ധിപ്പിച്ച് നടപ്പാ









ക്കുന്ന സമഗ്ര പദ്ധതിയാണ് പുഴയൊഴുകും മാണിക്കൽ. മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നിലവിൽ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ഈ പുഴയും അനുബന്ധ ഭൂപ്രദേശങ്ങളും വീണ്ടെടുക്കുകയും പ്രദേശവാസികളുടെ സാമ്പത്തിക വികസനവും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികൾ പ്രകൃതിരമണീയമായ രണ്ട് പാറകളാണ്. കിഴക്ക് തമ്പുരാൻ-തമ്പുരാട്ടി പാറയും പടിഞ്ഞാറ് വെള്ളാണിക്കൽ പാറയും. തമ്പുരാൻ-തമ്പുരാട്ടി പാറയുടെ അടിവാരത്തുള്ള ഇരപ്പുകുഴിയിൽ നിന്നാണ് മാമം പുഴ ഉത്ഭവിക്കുന്നത്. വെള്ളാണിക്കൽപാറയുടെ ചുവട്ടിൽ നിന്നുള്ള നീർച്ചാലുകളും ഈ പുഴയിലേക്കാണ് വന്നു ചേരുന്നത്.

നെൽകൃഷി ഉൾപ്പെടെ വിവിധതരം കൃഷികൾ ധാരാളമായി ചെയ്തിരുന്ന പ്രദേശമാണ് വേളാവൂർ തോടിന്റെയും ഉപതോടുകളുടേയും ഇരുവശങ്ങളിലും ഉണ്ടായിരുന്നത്. ശുദ്ധമായ ജലം വർഷം മുഴുവൻ ഒഴുകിയിരുന്ന ഈ പുഴ പ്രദേശവാസികളെല്ലാം കുളിക്കാൻ ഉപയോഗപ്പെടുത്തിയിരുന്നു. പുഴബണ്ട് ജനങ്ങളുടെ യാത്രാമാർഗവുമായിരുന്നു. പ്രാദേശിക സമ്പദ് വ്യവസ്ഥയുടേയും ജനജീവിതത്തിന്റെയും നട്ടെല്ലായിരുന്നു ഈ ജലസ്രോതസ്സ്. എന്നാൽ കാലക്രമേണ ഇതിനെല്ലാം മാറ്റം വന്നു. കൃഷിയിടങ്ങൾ തരിശുകിടക്കാൻ തുടങ്ങി. വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമെല്ലാം ഒഴുക്കിവിടുന്ന ദ്രവമാലിന്യങ്ങളും വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങളുമെല്ലാം ക്രമാതീതമായി ഈ ജലസ്രോതസ്സിനെ മലിനമാക്കാൻ തുടങ്ങിയതോടെ പുഴയിലിറങ്ങി കുളിക്കാൻ കഴിയാത്ത സ്ഥിതിയായി. പുഴയിലെ മലിനജലം സമീപത്തെ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരത്തിനും ഭീഷണിയായി. പുഴവരമ്പ് കാടുമൂടുകയും ചെയ്തതോടെ പുഴയുടെ വശങ്ങളിലൂടെയുള്ള കാൽനടയാത്രയും നിലച്ചു. തമ്പുരാൻ-തമ്പുരാട്ടി പാറയിലും വെള്ളാണിക്കൽപാറയിലും സഞ്ചാരികൾ ധാരാളമായി എത്തുന്നുണ്ടെങ്കിലും ഈ പ്രദേശങ്ങളും നാശത്തിന്റെ വക്കിലാണ്. അങ്ങനെ, ഒരു കാലത്ത് ഗ്രാമീണ ജീവിതത്തിന്റെ ഹൃദയത്തുടിപ്പായിരുന്ന പുഴയും അനുബന്ധ പ്രദേശങ്ങളും മൃതാവസ്ഥയിലേക്ക് നീങ്ങുന്ന സ്ഥിതി ഉണ്ടായി.


ഈ അവസ്ഥകൾക്ക് മാറ്റം ഉണ്ടാക്കുകയും, തമ്പുരാൻ-തമ്പുരാട്ടിപാറ, വെള്ളാണിക്കൽപാറ എന്നിവയുടെയും, പുഴയുടെയും, പരിസരപ്രദേശങ്ങളുടേയും പഴയകാല പ്രതാപം തിരിച്ചു പിടിക്കുകയും ചെയ്താൽ പഴയതിനേക്കാൾ മികച്ച രീതിയിൽ മാണിക്കലിന്റെ അഭിമാന പ്രതീകമായി പുഴയേയും അനുബന്ധ പ്രദേശങ്ങളേയും വികസിപ്പിക്കാൻ കഴിയും. ഈ കാഴ്ചപ്പാടോടെയാണ് പുഴയൊഴുകും മാണിക്കൽ പദ്ധതി രൂപം പ്രാപിക്കുന്നത്.

## പ്രവർത്തന രീതി

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത്തലത്തിൽ വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. തുടർന്ന് വാർഡ്തല സംഘാടകസമിതികൾ രൂപീകരിച്ചു. പുഴയൊഴുകും മാണിക്കലുമായി ബന്ധപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുഴയും പൂഞ്ചോലയും എന്ന പേരിൽ ഒരു സാംസ്കാരിക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സാമൂഹ്യമാധ്യമപ്രവർത്തനങ്ങൾക്കായി സോഷ്യൽ മീഡിയകമ്മിറ്റി രൂപീകരിച്ചു. വിവിധ വകുപ്പുകളേയും ഏജൻസികളേയും പങ്കെടുപ്പിച്ച് ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും അനുബന്ധ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു.

## കർമ്മപഥങ്ങളിലേക്ക്

പിരപ്പൻകോട് യു.ഐ.റ്റി. കോളേജിലെ എൻ.എസ്.എസ്. വോളണ്ടിയർമാരുടെ സഹായത്തോടെ ഹരിതകേരളം മിഷൻ സംസ്ഥാന ഐ.ടി. മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സർവ്വേയും മാപ്പത്തോണും പൂർത്തീകരിച്ചു. സംഘാടകസമിതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പിരപ്പൻകോട് ജംഗ്ഷനിൽ സംഘാടക








സമിതി ഓഫീസ് തുറന്നു. സംഘാടക സമിതിയുടെ നേതൃത്വത്തിൽ പുഴയുടെ ഉത്ഭവം കണ്ടെത്തുന്നതിനായി ഒരു യാത്ര നടത്തി. തുടർന്ന് ജനപ്രതിനിധികൾ വാർഡ്തല സംഘാടക സമിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ രണ്ട് ദിവസങ്ങളിലായി ചന്നൂർ മുതൽ വെമ്പായം വരെയുള്ള പ്രദേശങ്ങളിൽ പുഴയുടെ അവസ്ഥ മനസ്സിലാക്കുന്നതിനായി പുഴനടത്തം സംഘടിപ്പിച്ചു.

ഈ സർവ്വേയിലും പുഴനടത്തത്തിലും കണ്ടെത്തിയ ചില പ്രധാന കാര്യങ്ങൾ മുൻനിർത്തിയാണ് പിന്നിട്ടുള്ള പ്രവർത്തനങ്ങൾ നടന്നത്. തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന്റെ ഒന്നാംഘട്ടം 2022 ഫെബ്രുവരി 12ന് ഏറകട്ടയ്ക്കാൽ പാടശേഖരത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ.അനിൽ വിത്ത് വിതച്ച് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ അധ്യക്ഷനായ ചടങ്ങിൽ നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ മുഖ്യാതിഥിയായി. ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ വൻ ജനപങ്കാളിത്തത്തോടെയാണ് കൃഷിയിറക്കിയത്.

## ഏകദിന പുഴ ശുചീകരണം

പുഴശുചീകരണത്തിനായി നാടൊരുമിച്ചതാണ് 2022 മാർച്ച് 13 ലെ കാഴ്ച. പുഴയിലേക്കിറങ്ങി മാലിന്യങ്ങൾ നീക്കി ഒഴുക്ക് സുഗമമാക്കുകയായിരുന്നു അന്നത്തെ പ്രവൃത്തി. പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും ഇതിനായി മുന്നിട്ടിറങ്ങി. മദപുരം ഇരപ്പക്കുഴി മുതൽ വെള്ളാണിക്കൽ ചന്നൂർ വരെ പുഴയുടെ 9 കേന്ദ്രങ്ങളിൽ ഒരേസമയം ഇതിന് തുടക്കമിട്ടു. നാടൊഴുകിയെത്തി ആഘോഷമായാണ് പുഴശുചീകരണം നടന്നത്. വേനൽ മഴയെത്തിയപ്പോൾ പുഴയിൽ സ്വാഭാവിക നീരൊഴുക്ക് പ്രകടമായതും ശ്രദ്ധേയമായി.

## ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ടത്തിന് തുടക്കം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന ജനകീയ നീർച്ചാൽ ശുചീകരണ യജ്ഞമായ ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മാണിക്കലിലാണ് നടന്നത്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ.അനിലിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. 'പുഴയൊഴുകും മാണിക്കൽ' പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വിവിധ വികസന പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും പദ്ധതി രേഖയുടെ പ്രകാശനവും അന്നു നടന്നു.

മുൻകാലങ്ങളിൽ സമൃദ്ധമായി ഒഴുകിയിരുന്ന നദികൾ ജനകീയ കൂട്ടായ്മകളിലൂടെ വീണ്ടെടുക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ജലാശയങ്ങളെ പഴയ പ്രതാപത്തിലേക്ക് തിരിച്ചെത്തിക്കുന്നതിലൂടെ നാടിന്റെ വികസനം സാധ്യമാകുമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായാണ് ഇനി ഞാനൊഴുകട്ടെ പദ്ധതി ആവിഷ്കരിച്ചത്. 44 നദികളും സമൃദ്ധമായി മഴയും ഉണ്ടായിട്ടും കേരളത്തിൽ ചിലയിടങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നതിനുള്ള കാരണങ്ങളിലൊന്ന് ഭൂഗർഭജലത്തിന്റെ അളവിലുണ്ടാകുന്ന

കുറവാണ്. ജലാശയങ്ങളെ വീണ്ടെടുക്കു ന്നതിലൂടെ ഇത് പരിഹരിക്കാൻ കഴിയു മെന്നും അദ്ദേഹം പറഞ്ഞു. 'പുഴയൊഴുകും മാണിക്കൽ ' പരിപാടിയുടെ സമഗ്ര പദ്ധ തിരേഖ മാണിക്കൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലേഖാ കുമാരിക്ക് നൽകി മന്ത്രി പ്രകാശനം ചെയ്തു.

മാണിക്കൽ പഞ്ചായത്തിനെ സമ്പൂ ർണ്ണ തരിശുരഹിത പഞ്ചായത്താക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുമെ ന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ തരിശു കിടന്ന പത്ത് ഹെക്ടർ ഭൂമിയിൽ നെൽകൃഷി തുടങ്ങിയിട്ടു ണ്ട്. അടുത്ത ഘട്ടമെന്നോണം ക്ഷീരകർഷ കർക്ക് കൂടി ഉപയോഗപ്പെടുന്ന രീതിയിൽ തീറ്റപ്പുൽ കൃഷി ആരംഭിക്കും. വീട്ടമ്മമാർക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ സഹാ യിക്കുന്ന നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ഇനി ഞാനൊഴുകട്ടെ' കാമ്പയിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലായി ഇതുവരെ 412 കിലോമീറ്റർ ദൂരം പുഴകളും 45,736 കിലോമീ റ്റർ ദൂരം തോടുകളും നീർച്ചാലുകളും വീണ്ടെ ടുത്തു. മൂന്നാംഘട്ടത്തിൽ പശ്ചിമഘട്ട പ്രദേ ശങ്ങളിലെ ജലശൃംഖലകൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ജലസ്രോ തസ്സുകളിൽ സ്വച്ഛമായ നീരൊഴുക്ക് ഉറപ്പാ ക്കുകവഴി മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനു മുള്ള സാധ്യതകൾ ഇല്ലാതാക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശം.






## പുഴയൊഴുകും മാണിക്കൽ : ആദ്യഘട്ട പദ്ധതികൾ

- മാണിക്കൽ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന മാമംനദിയുടെയും അതിലേയ്ക്കെത്തിച്ചേരുന്ന നീർച്ചാലുക ളുടെയും ശുചീകരണവും വീണ്ടെടുപ്പും
- പുഴയുടേയും നീർച്ചാലുകളുടേയും സമീപ പ്രദേശങ്ങളിലെ തരിശ് പാടങ്ങളിൽ നെൽകൃഷി. കൂടാതെ ചങ്ങാടകൃഷിയും മത്സ്യ കൃഷിയും താമര കൃഷിയും
- പുഴയോര പ്രഭാത സായാഹ്ന പാത കളും സൈക്കിൾ ട്രാക്കുകളും
- തമ്പുരാൻ തമ്പുരാട്ടിപ്പാറ ടൂറിസം വിക സനം, വെള്ളാണിക്കൽപ്പാറ ടൂറിസം വികസനം
- വേളാവൂർ ജംഗ്ഷനിൽ ടേക്ക് എ ബ്രേക്ക് വഴിയിട വിശ്രമ കേന്ദ്രവും വിനോദോപാധികളും
- 100% അജൈവ മാലിന്യ ശേഖരണവും സംസ്കരണവും, വെമ്പായം കേന്ദ്രീ കരിച്ച് ജൈവമാലിന്യ സംസ്കരണ സംവിധാനം
- ഗ്രാമീണ ജനതയുടെ വരുമാനവർദ്ധന വിനുള്ള പ്രവർത്തനങ്ങൾ
- ഭൂഗർഭജല പോഷണ പരിപാടികൾ
- പുഴയോര സാംസ്കാരിക പ്രവർത്തന ങ്ങൾ

കൃഷിവകുപ്പ്, ജലസേചനവകുപ്പ്, മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, വനംവകുപ്പ്, റവന്യൂ വകുപ്പ്, വിനോദസഞ്ചാരവകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഭൂവിനിയോഗ ബോർഡ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM), ഐ.ടി.മിഷൻ എന്നിവയുടെ സഹകരണ ത്തോടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ☐

*ലേഖകൻ ഹരിതകേരളം മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ്.*




# സംസ്ഥാന ബഡ്ജറ്റ് 2022-23
# പ്രാദേശിക സർക്കാറുകൾക്ക് കാൽ ലക്ഷം കോടി

■ **ഹുസൈൻ എം. മിന്നത്ത്**

സംസ്ഥാനത്ത് ജനകീയാസൂത്രണത്തിന് ആരംഭം കുറിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. നാളിതുവരെ സംസ്ഥാനം നേടിയ മാനവ വികസനത്തിലെയും വികേന്ദ്രീകൃത ജനാധിപത്യ ഭരണനിർവ്വഹണത്തിലെയും അടയാളപ്പെടുത്തലുകളും നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നിലനിർത്തേണ്ടതും കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ വികസന വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിൽ പ്രാപ്തമാക്കേണ്ടതുമായിട്ടുണ്ട്. അതിലുപരി വികസന പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽതന്നെ നോക്കിക്കാണേണ്ടതുമായിട്ടുണ്ട്. പ്രാദേശിക സർക്കാറുകളുടെ ഇടപെടലുകളും ഉത്തരവാദിത്തങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആകുന്ന രീതിയിൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന ഒരു ബഡ്ജറ്റാണ് 2022-23 ലെ സംസ്ഥാന ബഡ്ജറ്റെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാണാനാകും. ദാരിദ്ര്യത്തിന്റെ ബഹുമുഖതലങ്ങളോട് പ്രതികരിക്കാനും ജീവന്റെയും ജീവനോപാധികളുടെയും സമ്പൂർണ്ണ പരിവർത്തനം സാധ്യമാക്കുന്നതിനുള്ള നൂതനമായ പരിപാടികളും പദ്ധതികളും ആവിഷ്കരിക്കാനും ക്ഷേമപദ്ധതികളുടെയും സേവനങ്ങളുടെയും കേന്ദ്രബിന്ദുവായി നമ്മുടെ പ്രാദേശിക സർക്കാറുകളെ മാറ്റുന്നതിനുള്ള ചില കാൽവെപ്പുകളാണ് 2022-23 ലെ ബഡ്ജറ്റിൽ ധനകാര്യ മന്ത്രി K.N. ബാലഗോപാൽ നടത്തിയതെന്ന് കാണാം.

### പുതിയ കാലത്തേക്ക് മുന്നേറാനുള്ള നയം:

വരുന്ന 25 വർഷക്കാലം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു നവകേരള സൃഷ്ടിയാണ് ബഡ്ജറ്റിന്റെ കാതൽ എന്ന് പറയാം. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതോടൊപ്പം കേരളത്തെ വികസിത രാജ്യങ്ങളുടെ നിലവാരത്തിലേക്ക് എത്തിക്കാനും ബഡ്ജറ്റ് ലക്ഷ്യംവെക്കുന്നു. ഇതിനായി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യം, ഉൽപാദന മേഖല, തൊഴിൽ എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകിക്കൊണ്ട് വിജ്ഞാനത്തേയും വികസനത്തെയും ചേർത്തൊരു വികസന കാഴ്ചപ്പാടാണ് ബഡ്ജറ്റ് മുന്നോട്ട് വെച്ചിരിക്കുന്നത്. 14-ാം

പദ്ധതി (2022-27) യുടെ വികസന സമീപനങ്ങളും ബഡ്ജറ്റിൽ പ്രതിഫലിക്കുന്നുണ്ട്. 1.34 ലക്ഷം കോടി റവന്യൂ വരവും 1.57 ലക്ഷം കോടി റവന്യൂ ചെലവും ഉള്ള ബഡ്ജറ്റിൽ 22,968.09 കോടി രൂപയുടെ കമ്മിയാണ് കാണിക്കുന്നത്. മൂലധന ചെലവിനായി മാറ്റിവെച്ചിരിക്കുന്നത് 14,841.16 കോടി രൂപയുമാണ്. ഏകദേശം കാൽ ലക്ഷം കോടിയോളം തുകയാണ് പ്രാദേശിക തലത്തിലേക്ക് വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഒഴുകിയെത്തുന്നത്. വികസന പ്രക്രിയയിൽ പ്രാദേശിക സർക്കാറുകളുടെ വർദ്ധിച്ച് വരുന്ന പങ്കാളിത്തമാണ് ഇത് കാണിക്കുന്നത്. രണ്ട് പ്രളയത്തിന്റെയും തുടർന്ന് വന്ന കോവിഡ് മഹാമാരിയെയും കേരളം പ്രതിരോധിച്ചത് പ്രാദേശിക സർക്കാറുകളെ മുൻനിർത്തിക്കൊണ്ട് തന്നെയാണ്. ഈ ഒരു പശ്ചാത്തലത്തിൽ കൂടുതൽ പ്രാദേശിക സർക്കാർ ഇടപെടലുകൾ വികസന പ്രക്രിയയിൽ ആവശ്യമാണെന്ന് തന്നെയാണ് സംസ്ഥാനത്തിന്റെ പൊതു കാഴ്ചപ്പാട്.

> പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതമായി 2022-23 ബഡ്ജറ്റിൽ പ്രാദേശിക സർക്കാറുകൾക്ക് വകയിരുത്തിയിരിക്കുന്നത് 2417.98 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തേക്കാൾ 623 കോടി രൂപ അധികമായി പ്രാദേശിക സർക്കാറുകൾക്ക് ലഭിച്ചു.

### പദ്ധതി വിഹിതത്തിലെ വർദ്ധനവ്:

തദ്ദേശസ്ഥാപനങ്ങളുടെ പ്രധാന വിഭവ സ്രോതസ്സ് വികസനഫണ്ടാണ്. സംസ്ഥാന ബഡ്ജറ്റിൽ കേന്ദ്ര വിഹിതം ഉൾപ്പെടെ ആകെ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നത് 39640.19 കോടി രൂപയാണ്. ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ വിവിധ പദ്ധതികളും പരിപാടികളും ഏറ്റെടുക്കുന്നതിനായി പ്രാദേശിക സർക്കാറുകൾക്ക് നൽകുവാൻ ശുപാർശ ചെയ്തിരിക്കുന്നത് സംസ്ഥാന പദ്ധതി അടങ്കൽ തുകയായ 30370 കോടി രൂപയുടെ 26.5 % തുകയാണ്. ഇത് പ്രകാരം 8048.00 കോടി രൂപയാണ് വികസന ഫണ്ടായി പ്രാദേശിക സർക്കാറുകൾക്ക് 2022-23 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മുൻവർഷം ഇത് 26% ആയിരുന്നു. അതായത് മുൻവർഷത്തേക്കാൾ 868 കോടി രൂപ അധികമായി വകയിരുത്തിയിരിക്കുന്നതായി കാണാം. ഇതിൽ 6505.15 കോടി രൂപ പൊതുവിഭാഗത്തിനും പട്ടികജാതി വികസനത്തിന് 1341.50 കോടി രൂപയും

പട്ടിക I

**ബഡ്ജറ്റ് 2022-23 (അനുബന്ധം IV)**
**പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തിയ വികസന, ജനറൽ പർപ്പസ്, ആസ്ഥി വികസന ഫണ്ട് വിശദാംശങ്ങൾ (രൂപ കോടിയിൽ)**

| തദ്ദേശ സ്ഥാപനം/ എണ്ണം | വികസന ഫണ്ട് | | | | | | | ജനറൽ പർപ്പസ് ഗ്രാന്റ് | ആസ്ഥി സംരക്ഷണ ഫണ്ട് | റോഡ് ആസ്ഥി സംരക്ഷണ ഫണ്ട് | ആകെ മൊത്തം (8+9+10+11 |
|---|---|---|---|---|---|---|---|---|---|---|---|
| | പൊതുവിഭാഗം | | | | | | | | | | |
| | 15th ധനകാര്യ കമ്മീഷൻ വിഹിതം | | | | | | | | | | |
| | സാധാരണ വിഹിതം | ബേസിക് ഗ്രാന്റ് | ടൈഡ് ഗ്രാന്റ് | ഹെൽത്ത് ഗ്രാന്റ് | പട്ടികജാതി ഉപ പദ്ധതി | പട്ടിക വർഗ്ഗ ഉപ പദ്ധതി | ആകെ വികസന ഫണ്ട് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| കോർപ്പറേഷൻ (6) | 554.45 | .... | 228.00 | 11.05 | 87.18 | 3.95 | 884.63 | 157.32 | 67.23 | 63.17 | 1172.35 |
| മുനിസിപ്പാലിറ്റി (87) | 441.44 | 139.20 | 245.80 | 322.22 | 137.48 | 12.25 | 1298.40 | 226.49 | 194.46 | 207.41 | 1926.76 |
| ജില്ലാ പഞ്ചായത്ത് (14) | 463.69 | 74.76 | 112.14 | 105.43 | 223.33 | 37.07 | 1016.42 | 67.46 | 217.61 | 66.34 | 1367.83 |
| ബ്ലോക്ക് പഞ്ചായത്ത് (152) | 463.69 | 74.76 | 112.14 | 30.59 | 223.33 | 37.07 | 941.58 | 95.94 | 163.31 | .... | 1200.83 |
| ഗ്രാമപഞ്ചായത്ത് (941) | 2163.90 | 348.88 | 523.32 | 89.69 | 669.98 | 111.21 | 3906.97 | 1302.42 | 513.39 | 1512.73 | 7235.51 |
| ആകെ (1200) | 4087.17 | 637.6 | 1221.4 | 558.98 | 1341.50 | 205.55 | 8048.00 | 1849.63 | 1156.00 | 1849.65 | 12903.28 |





പട്ടികവർഗ്ഗ വികസനത്തിന് 205.55 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. പൊതു വിഭാഗത്തിൽ വകയിരുത്തിയ 6505.15 കോടി രൂപയിൽ 4087.17 കോടി രൂപ സാധാരണ വിഹിതവും (Normal Share) 2417.98 കോടി രൂപ പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റുമാണ്.

2011 സെൻസസ് പ്രകാരം സംസ്ഥാന ജനസംഖ്യയിൽ പട്ടികജാതി ജനസംഖ്യ 9.1% വും പട്ടികവർഗ്ഗ ജനസംഖ്യ 1.45% വും ആണ്. എന്നാൽ ഈ വിഭാഗങ്ങളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ യഥാക്രമം പദ്ധതി വിഹിതത്തിന്റെ 9.8%, 2.83% എന്നീ ക്രമത്തിലാണ് വികസന ഫണ്ട് വകയിരുത്തിയിരിക്കുന്നത്. പട്ടികജാതി വികസനത്തിനായി ബഡ്ജറ്റിൽ ആകെ വകയിരുത്തിയിരിക്കുന്നത് 2979.4 കോടി രൂപയാണ്. ഇതിൽ 1341.3 കോടിയും (45%) പ്രാദേശിക സർക്കാറുകൾ വഴി വിവിധ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ്. അതേപോലെ പട്ടികവർഗ്ഗ വികസനത്തിനായി ബഡ്ജറ്റിൽ ആകെ വകയിരുത്തിയിരിക്കുന്നത് 859.5 കോടി രൂപയാണ്. ഇതിൽ 205.55 കോടി രൂപ (23.5%) പ്രാദേശിക സർക്കാറുകൾ വഴി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുക പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി വിവിധ വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ്. ഇതിന് പുറമെ പ്രാദേശിക സർക്കാറുകൾക്ക് പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിന് ജനറൽ പർപ്പസ് ഗ്രാന്റായും പ്രാദേശിക സർക്കാറുകളുടെ ഉടമസ്ഥതയിലുള്ള റോഡ്-റോഡിതര ആസ്തികളുടെ പരിപാലനത്തിനായി 4845.66 കോടി രൂപയും 2022-23 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കാൻ ജനറൽ പർപ്പസ് ഗ്രാന്റായി സംസ്ഥാന തനത് നികുതിയുടെ 4% അതായത് 1850 കോടി രൂപയും റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി 1156 കോടി രൂപയും (2.5%) റോഡ് ആസ്തികളുടെ സംരക്ഷണത്തിനായി 1850 കോടി രൂപയുമാണ് (4.5%) വകയിരുത്തിയിട്ടുള്ളത്. വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ആസ്ഥി വികസന ഫണ്ട് എന്നീ വിഭാഗത്തിലായി 12903.28 കോടി രൂപയാണ് 2022-23 ബഡ്ജറ്റിൽ പ്രാദേശിക സർക്കാറുകൾക്ക് വകയിരുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

## പതിനഞ്ചാം ധനകാര്യ കമ്മീഷനും പ്രാദേശിക സർക്കാറുകളും :

പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതമായി 2022-23 ബഡ്ജറ്റിൽ പ്രാദേശിക സർക്കാറുകൾക്ക് വകയിരുത്തിയിരിക്കുന്നത് 2417.98 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തേക്കാൾ 623 കോടി രൂപ അധികമായി പ്രാദേശിക സർക്കാറുകൾക്ക് ലഭിച്ചു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഗ്രാമീണതദ്ദേശ സ്ഥാപനങ്ങൾക്ക് 1246 കോടി രൂപയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ ഉൾപ്പെടുന്ന നഗരതദ്ദേശസ്ഥാപനങ്ങൾക്ക് 613 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ധനകാര്യ കമ്മീഷൻ തുകയുടെ 60% a) കുടിവെള്ള ജലസംരക്ഷണം b) ശുചിത്വ ഖരമാലിന്യം എന്നീ രണ്ട് മേഖലകളിൽ പ്രത്യേക ഉദ്ദേശ ഗ്രാന്റായി (Tied Grant) മാത്രമേ വിനിയോഗിക്കാവൂ എന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. അതിനാൽ തന്നെ 1221.40 കോടി രൂപ പ്രത്യേക ഉദ്ദേശ ഗ്രാന്റായിട്ടും 637.6 കോടി രൂപ അടിസ്ഥാന ഗ്രാന്റായിട്ടു

മാണ് വകയിരുത്തിയിരിക്കുന്നത്. ഇതിന് പുറമേ 558.98 കോടി രൂപ ഹെൽത്ത് ഗ്രാന്റായും പ്രാദേശിക സർക്കാറുകൾക്ക് വകയിരുത്തിയിട്ടുണ്ട്. ഈ തുക പ്രാദേശിക സർക്കാറുകളിലെ PHC/CHC എന്നിവയിൽ രോഗനിർണ്ണയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നത് അടക്കമുള്ളതിനായി വിനിയോഗിക്കാം. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷൻ, മലപ്പുറം നഗരസഭ തുടങ്ങി 10 ലക്ഷത്തിലധികം (Million Plus) ജനസംഖ്യയുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് അർബൻ അഗ്ലോമെറേഷനായി വകയിരുത്തിയ 265 കോടി രൂപയിൽ ഒരു ഭാഗം നഗരസഞ്ചയങ്ങളുടെ ഭാഗമായിവരുന്ന പ്രാദേശികസർക്കാർ പ്രദേശത്തും വിനിയോഗിക്കേണ്ടതാണ്.

## വീടും ഫ്ലാറ്റും ലൈഫ് മിഷനും:

സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാന വികസന മുൻഗണനകളിൽ ഒന്നാണ് ഭവനമില്ലാത്തവർക്ക് ഭവനം നൽകുക എന്നത്. ഇതിനായ് സംസ്ഥാന സർക്കാർ സമഗ്രമായ ഒരു സമീപനം സ്വീകരിക്കുകയും ലൈഫ് മിഷൻ ആരംഭിക്കുകയുമുണ്ടായി. ഇതിൽ ഭവന നിർമ്മാണത്തിനായി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും മറ്റ് എല്ലാ വിഭാഗ ഗുണഭോക്താക്കൾക്കും 4 ലക്ഷം രൂപയും നൽകുന്നുണ്ട്. കഴിഞ്ഞ 2021 വരെ 2.76 ലക്ഷം വീടുകളാണ് ലൈഫ് മിഷൻ വഴി പൂർത്തീകരിച്ചത്. ലൈഫ് മിഷൻ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമി ഉള്ളവർക്ക് ഭവനനിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിതരുടെയും വീടില്ലാത്തവരുടെയും പുനരധിവാസമാണ്. 2022-23 ബഡ്ജറ്റിൽ ഒരു ലക്ഷത്തിലധികം വീടുകളുടെയും 2950 ഫ്ലാറ്റുകളുടെയും പൂർത്തീകരണം ലക്ഷ്യമിടുന്നു. ഇതിനായ് ബഡ്ജറ്റിൽ ലൈഫ് മിഷന് 1430.82 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 525 കോടി ഗ്രാമീണ മേഖലയ്ക്കും 192 കോടി നഗര മേഖലക്കും 300 കോടി പട്ടികജാതി മേഖലയ്ക്കും 140 കോടി പട്ടികവർഗ്ഗ മേഖലയ്ക്കുമാണ്. കൂടാതെ 273.82 കോടി രൂപ KURDFC ക്ക് ഭവന വായ്പയുടെ പലിശ സബ്സിഡി സഹായധനമായും വകയിരുത്തിയിരിക്കുന്നു.

പട്ടിക 2

### പ്രാദേശിക സർക്കാർ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം

| ക്രമ നം | മേഖല/പദ്ധതികൾ | വകയിരുത്തിയ തുക (രൂപ കോടിയിൽ) |
|---|---|---|
| 1 | ഗ്രാമ വികസനം ആർ.ഐ.ഡി.എഫ് – നബാർഡ് | 36.26 |
| 2 | ദേശീയ ഗ്രാമീണ ഉപജീവനമിഷൻ | 162.50 |
| 3 | ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ | 10.00 |
| 4 | പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമീൺ<br>സാമൂഹ്യ നീതി പരിപാടി | 25.00 |
| 5 | ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി<br>നഗര വികസനം | 150.03 |
| 6 | ദീൻ ദയാൽ അന്ത്യോദയ യോജന | 75.00 |
| 7 | പ്രധാൻ മന്ത്രി ആവാസ് യോജന-നഗരം | 416.00 |
| 8 | സ്വച്ഛ് ഭാരത് മിഷൻ (നഗരം) | 57.50 |
| 9 | സ്മാർട്ട് സിറ്റി മിഷൻ | 584.00 |
| 10 | അമൃത് | 128.00 |
| 11 | അമൃത് -2.0 | 5.33 |
| 12 | കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ്<br>(KSWMP) പട്ടികജാതി വികസനം | 100.00 |
| 13 | പ്രധാൻ മന്ത്രി ആവാസ് യോജന- ഗ്രാമീൺ | 12.50 |
| 14 | ദീൻ ദയാൽ അന്ത്യോദയ യോജന<br>പട്ടിക വർഗ്ഗ വികസനം | 82.50 |
| 15 | പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമീൺ | 5.00 |
| 16 | ദീൻ ദയാൽ അന്ത്യോദയ യോജന | 27.08 |
| | ആകെ | 1876.70 |

## ദരിദ്രരഹിത കേരളം എന്ന ലക്ഷ്യത്തിലേക്ക്:

ഒട്ടനവധി സേവനങ്ങളും വികസന പ്രവർത്തനങ്ങളും പക്ഷപാതരഹിതമായി പൊതുജനത്തിന് നൽകുകയും അവരുടെ ജീവിതത്തിൽ നിർണ്ണായ ഇടപെടലുകൾ നടത്തുകയും വിഭിന്ന തലത്തിലുള്ള ദാരിദ്ര്യവും, ഇല്ലായ്മയും (Deprivation) കുറച്ചു കൊണ്ടു വരുന്നതിൽ പ്രാദേശിക സർക്കാറുകൾ വലിയ പങ്ക് വഹിക്കുന്നുണ്ടെങ്കിലും അതിനായ് സംസ്ഥാനത്തിനാകമാനം പൊതുവായതും സമഗ്രവുമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കുന്നതിൽ അടുത്ത കാലം വരെ പ്രാദേശികസർക്കാറുകൾക്ക് സാധിച്ചിട്ടില്ല എന്നതൊരു യാഥാർത്ഥ്യമാണ്. ദാരിദ്ര്യത്തിന്റെ തീവ്രത വളരെ കുറഞ്ഞ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'അതിദാരിദ്ര്യ ലഘൂകരണത്തിനായി പ്രത്യേകമായി ഒരു പദ്ധതി' എന്ന ആശയം ഒരു പക്ഷേ കേരളമായിരിക്കും രാജ്യത്തിന് മാതൃക എന്ന് തന്നെ പറയാം. അതിദാരിദ്ര്യ സർവ്വേ വഴി കണ്ടെത്തിയ 64006 കുടുംബങ്ങ

ളുടെ അതിജീവനത്തിനും ഉപജീവനത്തിനു മായി കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ 2022-23 ബഡ്ജറ്റ് ലക്ഷ്യംവെക്കുന്നു. പ്രാദേശിക സർക്കാറുകൾ അവരുടെ വാർഷിക പദ്ധ തിയിൽ ഇതിനായി അനിവാര്യമായും നിർബന്ധമായും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. അതിനുള്ള ക്രമീ കരണങ്ങൾ പ്രാദേശിക സർക്കാറുകളുടെ മാർഗ്ഗരേഖയിലും സർക്കാർ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ക്കായി 100 കോടി രൂപയും വകയിരുത്തി യിരിക്കുന്നു. വികസന പ്രക്രിയയിൽ ലക്ഷ്യാ ധിഷ്ഠിത ഇടപെടലുകൾ ആവശ്യമാണെന്ന തിരിച്ചറിവാണ് ഗ്രാമ പഞ്ചായത്തുകളെ അടിസ്ഥാന യൂണിറ്റുകളായി കണ്ടുകൊ ണ്ട് എല്ലാ തലത്തിലുമുള്ള സംയോജന ഏകോപന സാധ്യതകൾ വിനിയോഗിച്ച് കൊണ്ട് ദരിദ്ര രഹിത കേരളം എന്ന ലക്ഷ്യം നേടി എടുക്കാനായി പ്രാദേശിക സർക്കാറു കളെ തന്നെ സർക്കാർ തിരഞ്ഞെടുത്തത്.

### തൊഴിലില്ലായ്മക്ക് പരിഹാരം പ്രാദേശിക സർക്കാറുകളിലൂടെ :

സംസ്ഥാന ജനസംഖ്യയുടെ 60% ത്തോളം തൊഴിൽ ശക്തി ( Labour Force) അഥവാ 15-59 പ്രായത്തിനുള്ളിൽ ഉൾപ്പെ ട്ടവർ ആണെങ്കിലും ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം തൊഴിൽ ശക്തിയെ ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ടിയുള്ള തൊഴിൽ സൃഷ്ടിക്കുവാൻ സാധിക്കുന്നില്ല എന്നത് തന്നെയാണ്. അതേ പോലെ സംസ്ഥാന ജനസംഖ്യയിൽ 23% വരുന്ന യുവജനങ്ങ ളിൽ (15-29 നും ഇടയിൽ പ്രായമുള്ളവർ) 35.2% പേരും തൊഴിൽ രഹിതരുമാണ്. സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രതയെയാണ് ഇത് കാണിക്കുന്നത്. ഗ്രാമീണ മേഖലയിൽ ഉള്ള സ്ത്രീകളിൽ 57.8% പേരും തൊഴിൽ ഇല്ലാത്ത വരാണ്. യോഗ്യതക്കനുസരിച്ച് തൊഴിൽ കണ്ടെത്താൻ പറ്റാത്തവരുടെ (under unemployment) എണ്ണവും സംസ്ഥാന ത്ത് കുതിച്ചുയരുകയാണ്. ഈ തൊഴിൽ ശക്തിയെ പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിൽ പ്രാദേശിക സാധ്യതകൾ വിനിയോഗിക്കാൻ മുമ്പൊ ന്നുമില്ലാത്ത രീതിയിലുള്ള ചില ഉറച്ച കാൽ വയ്പ്പുകൾ 2022-23 ബഡ്ജറ്റിൽ സർക്കാർ നടത്തിയതായി കാണാവുന്നതാണ്.




എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങ ളും പ്രാദേശിക തൊഴിൽ സാധ്യത ഉൾപ്പെ ടുത്തി വേക്കൻസി ബാങ്കും, ഇൻഡസ്ട്രിയൽ റസിഡൻസി സെന്ററും ഒരുക്കാൻ നിർദ്ദേ ശിക്കുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ വാർഷിക പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 1000 ൽ 5 പേർക്ക് തൊഴിൽ നൽകാനുള്ള പ്രത്യേക പദ്ധതി നിർബന്ധമായി ഏറ്റെ ടുക്കാനും നിർദ്ദേശിക്കുന്നു. ഇതോടൊപ്പം തന്നെ പ്രാദേശിക സർക്കാർ പങ്കാളിത്ത ത്തോടെ ഒരു ലക്ഷം സംരംഭങ്ങൾ ആരം ഭിക്കാനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതി, കെ ഡിസ്കിന്റെ തൊഴിലവസര വികസന പദ്ധതി എന്നിവയും ഉണ്ട്. ഐ.ടി ഉൾപ്പെടെ വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ മുള്ള യുവതികൾ ഉൾപ്പെടെയുള്ളവർക്ക് വീടിനു സമീപം ഡിജിറ്റലായി തൊഴിൽ നൽകാനുള്ള സംവിധാനം ഒരുക്കുമെന്നും സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി കോവിഡ് കാലത്ത് രൂപപ്പെട്ട 'വർക്ക് അറ്റ് ഹോമി'ന് സമാനമായി 'വർക്ക് നിയർ ഹോം' പദ്ധതിയാണ് നടപ്പാക്കാനു ദ്ദേശിക്കുന്നത്. ഇതിനായ് ഓരോ പ്രദേശ ത്തും ഇന്റർനെറ്റ് സംവിധാനത്തോടെയു ള്ള പ്രത്യേക കേന്ദ്രം തദ്ദേശ സ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്. തദ്ദേശീയ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും പുതിയ ആശയ ങ്ങൾ രൂപപ്പെടുത്താനും ഇന്നവേഷൻ ചലഞ്ച് സംഘടിപ്പിക്കാനും, അഭ്യസ്തവിദ്യർ ക്ക് തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധ തിയുടെ ഭാഗമാക്കാനും ഇതിൽ ദുർബല വിഭാഗങ്ങൾക്കും സ്ത്രീകൾക്കും പ്രത്യേക പരിഗണന നൽകാനും ബഡ്ജറ്റ് നിഷ്കർ ശിക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് അനായാസം സംരംഭം തുടങ്ങാനുള്ള 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' കാര്യ ക്ഷമമാക്കാനുള്ള ഇടപെടൽ തദ്ദേശസ്വ യംഭരണസ്ഥാപനങ്ങൾ സ്വീകരിക്കാനും ബഡ്ജറ്റ് നിർദ്ദേശിക്കുന്നുണ്ട്.

### കേന്ദ്രാവിഷ്കൃത പദ്ധതികളിലെ പ്രാദേശിക സർക്കാർ സാന്നിദ്ധ്യം :

പ്രാദേശിക സർക്കാർ വഴി നടപ്പിലാ ക്കുന്ന 1876.70 കോടി രൂപയുടെ കേന്ദ്രാ വിഷ്കൃത പദ്ധതികൾ 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്തിരിക്കുന്ന ഈ പദ്ധതി

പട്ടിക 3

## ബഡ്ജറ്റ് 2022-23 പ്രാദേശിക സർക്കാരുകൾക്കുള്ള ബഡ്ജറ്റ് നീക്കിയിരുപ്പ്

| ക്രമ നം. | പദ്ധതികൾ | വകയിരുത്തിയ തുക (കോടിയിൽ) |
|---|---|---|
| 1 | പദ്ധതി വിഹിതം | 8048.00 |
| 2 | ജനറൽ പർപ്പസ് ഫണ്ട് | 1849.63 |
| 3 | ആസ്തി സംരക്ഷണം | 3005.65 |
| 4 | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 1876.70 |
| 5 | ലൈഫ് മിഷൻ | 1430.82 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 125.00 |
| 7 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 4057.79 |
| 8 | റീബിൽഡ് കേരള ഇനീഷിയേറ്റീവ്സ് | 850.00 |
| 9 | കുടുംബശ്രീ | 260.00 |
| 10 | അങ്കണവാടി നവീകരണം | 249.50 |
| 11 | സ്കൂളുകളുടെ അറ്റകുറ്റ പണികൾ | 190.00 |
| 12 | അതിദാരിദ്ര്യ ലഘൂകരണം | 100.00 |
| 13 | ഒരു പഞ്ചായത്ത് - ഒരു ഡെസ്റ്റിനേഷൻ പദ്ധതി | 132.14 |
| 14 | പ്രാദേശിക തലത്തിൽ 1 ലക്ഷം സംരംഭം | 120.00 |
| 15 | പ്രാദേശിക തലത്തിൽ തൊഴിൽസേന | 20.00 |
| 16 | ശുചിത്വ കേരളം | 46.00 |
| 17 | KILA | 36.00 |
| 18 | കേരള ട്രൈബൽ പ്ലസ് | 35.00 |
| 19 | പ്രാദേശിക മൃഗാശുപത്രി നവീകരണം | 34.00 |
| 20 | ഇടമലക്കുടി പാക്കേജ് | 15.00 |
| 21 | ജില്ലാ പദ്ധതികളിലെ പ്രോത്സാഹനം | 15.00 |
| 22 | മുനിസിപ്പാലിറ്റി/ബ്ലോക്ക് കെട്ടിട നിർമ്മാണം | 10.00 |
| 23 | ഇൻഫർമേഷൻ കേരള മിഷൻ | 8.00 |
| 24 | പ്രാദേശിക വിപണി പശ്ചാത്തല സൗകര്യം | 7.00 |
| 25 | പ്രാദേശിക സർക്കാരുകൾക്ക് വ്യവസായ പാർക്ക് | 5.00 |
| 26 | ഗ്രാമീണ കളിസ്ഥലങ്ങൾ | 4.00 |
| 27 | ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ | 0.50 |
| 28 | തനത് വരുമാനം | 2500.00 |
| | ആകെ | 25030.73 |

കളിൽ സംസ്ഥാന സർക്കാർ വിഹിതം വകയിരുത്തേണ്ടതായിട്ടുണ്ട്. ഇതിൽ 933.26 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും 943.44 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവുമാണ്. സംസ്ഥാന വിഹിതത്തിൽ 768 കോടി രൂപയുടെ നഗര മേഖല പദ്ധതികളും 115.2 കോടി രൂപയുടെ ഗ്രാമീണ പദ്ധതികളും 38 കോടി രൂപയുടെ പട്ടികജാതി വികസന പദ്ധതികളും 12.83 കോടി രൂപയുടെ പട്ടിക വർഗ്ഗ വികസന പദ്ധതികളും ഉൾപ്പെടുന്നുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന, ദേശിയ ഗ്രാമീണ ഉപജീവന മിഷൻ, സ്വച്ച് ഭാരത് മിഷൻ, അമൃത്, സ്മാർട്ട് സിറ്റി മിഷൻ, ദീൻ ദയാൽ അന്ത്യോദയ, നബാർഡ്-RIDF തുടങ്ങിയവ കേന്ദ്രാവിഷ്കൃത പദ്ധതികളിൽപ്പെടുന്നവയാണ്. വിശദാംശങ്ങൾ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു

ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാറുകളെ മാറ്റുന്ന തലത്തിലേക്കുള്ള ചില തന്ത്രങ്ങൾ ആവിഷ്കരിക്കുക വഴി വിപ്ലവകരമായ വികസന മുന്നേറ്റം തന്നെയാണ് സംസ്ഥാന സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കേവലം ഗ്രാമീണ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും തലത്തിൽ നിന്നും വികസന പ്രക്രിയയിൽ അനിവാര്യ ഘടകം എന്ന തലത്തിലേക്ക് പ്രാദേശിക സർക്കാറുകൾ വളർന്നിരിക്കുന്നു. ഐക്യരാഷ്ട്രസഭ മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടി എടുക്കാനായി സംസ്ഥാനം പ്രാദേശിക സർക്കാറുകളെ മുൻനിർത്തി കൊണ്ടുള്ള തന്ത്രമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് പോലുംജനകീയാസൂത്രണം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭരണരംഗത്ത് നടത്തിയ കേവലം ഒരു പരീക്ഷണം എന്നതിനും ഒക്കെ അപ്പുറം സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, വനിതാശാക്തീകരണ മേഖലകളിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കമിടാൻ കരുതി വച്ച തുറുപ്പചീട്ട് തന്നെയാണ്. വികസനത്തിന്റെ പുതിയ ഘട്ടത്തിലേക്ക് സംസ്ഥാനം പ്രവേശിക്കുമ്പോഴും ജനകീയാസൂത്രണം തന്നെയായിരിക്കും നമ്മുടെ വജ്രായുധം. അതിന് മൂർച്ച കൂട്ടാനുള്ള നടപടികളാണ് 2022-23 ലെ ബഡ്ജറ്റിലും സർക്കാർ ചെയ്തിട്ടുള്ളത്. ☐

*ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്*

# വനിതാദിനത്തിൽ നിറസാന്നിദ്ധ്യമായ സ്ത്രീരത്നങ്ങൾ

■ കെ.എസ്. ശിവബിന്ദു

കോട്ടയം ജില്ലയുടെ അഭിമാനമായ മൂന്നു വനിതാരത്നങ്ങൾ - ഭിന്നശേഷി ജീവനക്കാരി രശ്മി മോഹൻ, അക്ഷരമുത്തശ്ശി കുട്ടിയമ്മ കോന്തി, നോക്കുവിദ്യാ പാവകളി കലാകാരി മൂഴിക്കൽ പങ്കജാക്ഷി.

അക്ഷരജില്ലയ്ക്ക് അഭിമാനമായി അപൂർവ്വ അംഗീകാരങ്ങൾ നേടിത്തന്ന മൂന്ന് വനിതാരത്നങ്ങളെ പരിചയപ്പെടാം. മാർച്ച് 8 ന് ജില്ലയിലെ പ്രധാന വനിതാദിനാചരണ വേദികളിൽ വിശിഷ്യാക്ഷണിക്കപ്പെട്ട അതിഥികൾ ഇവരായിരുന്നു. ഇക്കഴിഞ്ഞ ഡിസംബർ മൂന്നിന് അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ കേന്ദ്ര സാമൂഹികനീതി വകുപ്പിന്റെ ഭിന്നശേഷി ശാക്തീകരണ പുരസ്കാരം രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്നും ഏറ്റുവാങ്ങിയ അയർക്കുന്നം പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് രശ്മി മോഹനും, സാക്ഷരത മിഷൻ നാലാംക്ലാസ്സ് തുല്യതാ പരീക്ഷയിൽ യോഗ്യത നേടിയ 104 വയസ്സുള്ള അക്ഷരമുത്തശ്ശി കുട്ടിയമ്മ കോന്തിയും (സ്ത്രീ സമത്വമെന്ന ആശയത്തിലൂന്നി സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച 'സമം' പരിപാടിയുടെ സമാപനച്ചടങ്ങിൽ ജില്ലയുടെ വനിതാരത്നങ്ങളായി പരിഗണിച്ച് രശ്മി മോഹനേയും കുട്ടിയമ്മയേയും ജില്ലാ ഭരണകൂടം ആദരിച്ചിരുന്നു).

ഇന്ദ്രിയ ഗോചരമായ പരിമിതികളെ, കഠിനമായ ഇച്ഛാശക്തിയും അർപ്പണബോധവുംകൊണ്ടു മറികടന്ന് മികച്ച സർക്കാർ ജീവനക്കാരിക്കുള്ള ദേശീയ പുരസ്കാരമാണ് രശ്മി മോഹൻ കൈവരിച്ചത്. ഇന്ന് ബധിരരുടെ അവകാശങ്ങൾക്കായി പോരാടുന്ന ഉദ്യോഗസ്ഥ കൂടിയാണവർ. ബധിരയും ഭാഗികമായി മാത്രം സംസാരിക്കുന്ന രശ്മിയോട് മുഖാമുഖമുള്ള ചോദ്യങ്ങൾ അപ്രായോഗികമായിരുന്നെങ്കിലും വ്യക്തമായ ചോദ്യങ്ങൾക്ക് വാട്സാപ്പിലൂടെയാണ് മറുപടി നൽകിയത്. തദവസരത്തിൽ ഇവരുടെ ജീവിതത്തിലും കർമ്മപഥത്തിലും ഉയർച്ചയിലേക്ക് നയിക്കാൻ പ്രേരകമായ ഘടകങ്ങളെക്കുറിച്ച് ചോദിച്ചറിയാൻ ശ്രമിച്ചു. ആ അനുഭവങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാം.




*സ്ത്രീ സമത്വ ആശയപ്രചാരണത്തിനായി സംഘടിപ്പിച്ച 'സമം' സാംസ്കാരിക പരിപാടിയുടെ സമാപന സമ്മേളനത്തോടനുബന്ധിച്ച് ലളിതകലാ അക്കാദമി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ ആദരിച്ചവരിൽ ദേശീയ ഭിന്നശേഷി പുരസ്കാര ജേത്രി രശ്മി മോഹനുവേണ്ടി പുരസ്കാരം ഏറ്റുവാങ്ങിയ അമ്മ ബി. രാധാമണിയും, 104-ാം വയസിൽ സാക്ഷരത മികവുത്സവത്തിൽ വിജയിച്ച അക്ഷരമുത്തശ്ശി കുട്ടിയമ്മ കോന്തിയും. നടിയും സഹസംവിധായകയും വസ്ത്രാലങ്കാരത്തിൽ സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേത്രിയുമായ സബിത ജയരാജ്, നർത്തകി ഭവാനി ചെല്ലപ്പൻ, തബല വാദക രത്നശ്രീ അയ്യർ, നടി മിയ ജോർജ്ജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, ഗായിക വൈക്കം വിജയലക്ഷ്മി, അക്കാദമി നിർവ്വാഹക സമിതിയംഗം എൻ. ബാലമുരളീകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ, ലളിതകലാ അക്കാദമി സെക്രട്ടറി പി.വി. ബാലൻ, ചെയർമാൻ നേമം പുഷ്പരാജ് എന്നിവർ സമീപം.*



*പത്മശ്രീ നേടിയ നോക്കുവിദ്യ പാവകളി കലാകാരി മൂഴിക്കൽ എം.എസ്. പങ്കജാക്ഷിയുടെ വീട്ടിലെത്തി ജില്ലാ കളക്ടർ ഡോ.പി.കെ ജയശ്രീ പത്മശ്രീ പുരസ്കാരം സമ്മാനിക്കുന്നു.*

## ബധിരരുടെ അവകാശങ്ങൾക്കായി പോരാടിയ രശ്മി മോഹൻ

ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നിരവധി തവണ നേടിയ മുത്തോലി പഞ്ചായത്തിലെ പുലിയന്നൂരാണ് രശ്മിയുടെ നാട്. കേന്ദ്ര സാമൂഹികനീതിവകുപ്പിന്റെ ഭിന്നശേഷി ശാക്തീകരണ പുരസ്കാരത്തിന് കേരളത്തിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട നാലുപേരിൽ ഒരാളായിരുന്ന രശ്മി. ഡിസെബിലിറ്റി വിത്ത് ഹിയറിംഗ് ഇംപെയർമെന്റ് വിഭാഗത്തിലാണ് രശ്മിയെ അവാർഡിന് അർഹയാക്കിയത്. ഗോൾഡ് മെഡലും സർട്ടിഫിക്കറ്റും 50,000 രൂപയുമടങ്ങുന്ന പുരസ്കാരം ഡൽഹിയിലെ വിഗ്യാൻ ഭവനിൽ പോയി ഏറ്റുവാങ്ങിയ സന്തോഷംരശ്മിയും ഭർത്താവ് അനിൽകുമാറും മക്കളായ പാർവ്വതിയും ശിവാനിയും പങ്കുവച്ചു. സമ്പന്നയല്ലെങ്കിലും തനിക്കു കിട്ടിയ തുക അർഹതപ്പെട്ട ഭിന്നശേഷിക്കാർക്ക് നൽകണമെന്ന ഉറച്ച തീരുമാനവും രശ്മി തുറന്നുപറഞ്ഞു.

## രശ്മിയുടെ ജീവിതവഴികളിലൂടെ...

പുലിയന്നൂർ തെക്കുംമുറി കീടങ്ങേരിൽ കെ.മോഹനന്റെയും ബി.രാധാമണിയുടേയും മകളായ രശ്മിയുടെ ജീവിതം പ്രതിസന്ധികളിൽ തളരുന്നവർക്ക് പ്രചോദനവും പാഠവുമാണ്. പരിമിതികളുടെ പേരിൽ മകളെ മാറ്റിനിർത്തപ്പെടാൻ അനുവ

**ഇന്ദ്രിയ ഗോചരമായ പരിമിതികളെ, കഠിനമായ ഇച്ഛാശക്തിയും അർപ്പണബോധവുംകൊണ്ടു മറികടന്ന് മികച്ച സർക്കാർ ജീവനക്കാരിക്കുള്ള ദേശീയ പുരസ്കാരമാണ് രശ്മി മോഹൻ കൈവരിച്ചത്. ഇന്ന് ബധിരരുടെ അവകാശങ്ങൾക്കായി പോരാടുന്ന ഉദ്യോഗസ്ഥ കൂടിയാണവർ.**

ദിക്കാതെ നിശ്ചയദാർഢ്യത്തോടെ മികച്ച പ്രോത്സാഹനവും അവസരങ്ങളും നൽകിക്കൊണ്ട് കഠിനപ്രയത്നത്തിലൂടെ മകൾക്കു വഴികാട്ടിയായ മാതാപിതാക്കൾ. തനിക്കായി മാതാപിതാക്കൾ പിന്തള്ളപ്പെടരുത് എന്ന ചിന്തയോടെ ആ മകളും ഉയരങ്ങളിലെത്താൻ പതിന്മടങ്ങു കഷ്ടപ്പെട്ടു. 22-ാമത്തെ വയസ്സിൽ സർക്കാർ ജോലിയും 37-ാമത്തെ വയസ്സിൽ സർക്കാർ ജീവനക്കാരിലെ മികച്ച ഭിന്നശേഷി ഉദ്യോഗസ്ഥയ്ക്കുള്ള ദേശീയ പുരസ്കാരവും നേടിയെടുത്താണ് അവർ മാതൃകയായത്. മകളുടെ അസാന്നിദ്ധ്യത്തിൽ ചില വേദികളിൽ ആദരവ് ഏറ്റുവാങ്ങാനെത്തിയ രശ്മിയുടെ അമ്മയുടെ കണ്ണുകൾ നിറയുന്നത് കണ്ടിരുന്നു. അങ്ങനെയാണ് ആ അമ്മയിലൂടെ രശ്മിയെക്കുറിച്ച് കൂടുതലറിയാൻ ശ്രമിച്ചത്.

ജന്മനാ ശാരീരിക പരിമിതികളൊന്നും രശ്മിക്ക് ഉണ്ടായിരുന്നില്ല. മൂന്നാം വയസ്സിൽ പൊടുന്നനെയുണ്ടായ ജ്വരം ന്യുമോണിയയായി മാറിയതായിരുന്നു തുടക്കം. പിന്നെപ്പിന്നെ സംസാരശേഷിയും കേൾവിശക്തിയും മറഞ്ഞു. ഏറെക്കാലത്തെ ചികിത്സയ്ക്കും പ്രാർത്ഥനകൾക്കും ശേഷം സംസാരശേഷി ഭാഗികമായി തിരിച്ചുകിട്ടി. മകളുടെ പോരായ്മകൾ മനസ്സിലാക്കിത്തന്നെ ആ മാതാപിതാക്കൾ ചേർപ്പുങ്കൽ ഹോളിക്രോസ് സ്കൂളിലേക്ക് പ്രവേശനം ചോദിച്ചുവാങ്ങി സാധാരണ കുട്ടികൾക്കൊപ്പം വിദ്യാഭ്യാസം നൽകി. ഒപ്പം എഴുത്തിന്റെയും വായനയുടേയും ലോകവും തുറന്നുകൊടുത്തു. കേൾവിയുടെ ലോകം അന്യമായിരുന്ന രശ്മിക്ക് ക്ലാസ്മുറികളിലെ പഠനം കാര്യമായ അറിവുപകർന്നില്ലെങ്കിലും പഠിച്ചെടുക്കണമെന്ന് ആഗ്രഹം കൊണ്ട് കഠിനമായ പരിശ്രമം നടത്തി. അധ്യാപകരുടെ പ്രത്യേക പരിഗണനയും സഹപാഠികളുടെ നോട്ടു പകർത്തിയെഴുതിയും അവൾ ഓരോ ക്ലാസ്സിലും ഉന്നത വിജയം നേടി. പത്താംക്ലാസ്സിലും പ്രീഡിഗ്രിക്കും ഫസ്റ്റ് ക്ലാസ്സ് മാർക്കോടെ പാസ്സായി. ഒടുവിൽ തന്റേതായ കയ്യൊപ്പ് നേടിയെടുത്തത് പാലാ അൽഫോൺസ കോളേജിൽവെച്ച് യൂണിവേഴ്സിറ്റി തലത്തിൽ ചരിത്ര വിഷയത്തിൽ ഒരു മാർക്കിന്റെ കുറവിൽ നേടിയ രണ്ടാം റാങ്കിലും.

മുത്തോലി സർവ്വീസ് സഹകരണ ബാങ്കിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന അച്ഛന്റെ പാത പിന്തുടർന്ന് ജെ.ഡി.സി.ക്കു പഠിക്കാൻ ചേർന്നു. മീനച്ചൽ ബാങ്കിൽനിന്നും ക്ലറിക്കൽ പരിശീലനവും നേടി. അക്കാലത്താണ് ഭിന്നശേഷിക്കാർക്കുവേണ്ടി നടത്തിയ പി.എസ്.സി. യുടെ എഴുത്തു പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുത്തതും രണ്ടാം റാങ്ക് ലഭിച്ചതും. സർക്കാർ നിയമനത്തിലെ ആദ്യ പോസ്റ്റിംഗ് 2004 ൽ എൽ.ഡി.ക്ലർക്കായി സ്വന്തം പഞ്ചായത്തായ മുത്തോലിയിൽ തന്നെ കിട്ടി. സഹകരണ ബാങ്കിൽ ട്രയിനിയായി പ്രവർത്തിച്ചതിലെ ആത്മവിശ്വാസം മുതൽക്കൂട്ടായിരുന്നുവെങ്കി



*ജില്ലയിലെ മുതിർന്ന സാക്ഷരതാ പഠിതാവായ കുട്ടിയമ്മ കോന്തിയെ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി വീട്ടിലെത്തി ആദരിച്ചപ്പോൾ. ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്റർ വി.വി. മാത്യു, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എസ്. പുഷ്പമണി, പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടോമിച്ചൻ ജോസഫ്, ജില്ലാ പഞ്ചായത്തംഗം പി.കെ. വൈശാഖ്, അയർക്കുന്നം പഞ്ചായത്ത് പ്രസിഡന്റ് സീന ബിജു, കുട്ടിയമ്മയ്ക്ക് സാക്ഷരത നല്കിയ പ്രേരക് രഹന ജോൺ എന്നിവർ സമീപം.*

ല്ലം പൊതുജനങ്ങൾ കൂടുതൽ കടന്നുവരുന്ന പഞ്ചായത്തിലെ നിയമനം ആശയവിനിമയത്തിനു തടസ്സമായതോടെ ആദ്യകാലങ്ങളിൽ നന്നേ കഷ്ടപ്പെട്ടു. ആളുകളുടെ ചുണ്ടനക്കം നോക്കി ആവശ്യങ്ങൾ തിരിച്ചറിഞ്ഞു. പോരാത്തത് സഹപ്രവർത്തകർ എഴുതിയും നല്കി. കാലക്രമേണ സീനിയർ ക്ലർക്ക്, അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ കടനാട്, മുത്തോലി പഞ്ചായത്തുകളിലും കോട്ടയം ജില്ലാ പഞ്ചായത്ത്, തലപ്പലം, പള്ളിക്കത്തോട്, എരുമേലി പഞ്ചായത്തുകളിലും സേവനമനുഷ്ഠിച്ചു. നിലവിൽ അയർക്കുന്നം പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടാണ് രശ്മി. മുത്തോലി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലത്താണ് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഷീബാ സ്റ്റീഫൻ സംസ്ഥാന സാമൂഹിക നീതി വകുപ്പിൽ മികച്ച ഭിന്നശേഷി ജീവനക്കാർക്കുള്ള പുരസ്കാരത്തിനുവേണ്ടി രശ്മിയെ ശുപാർശ ചെയ്ത് റിപ്പോർട്ടയച്ചത്. അത് ഫലം കണ്ടു. 2016 ൽ മികച്ച ഭിന്നശേഷി ജീവനക്കാരിക്കുള്ള (ശ്രവണ പരിമിതി വിഭാഗം) പുരസ്കാരം രശ്മിയെ തേടിയെത്തി. ഈ നേട്ടത്തിനു പിന്നാലെ രശ്മി ഒരു കാര്യം ഉറപ്പിച്ചു. തന്നെപ്പോലെ പ്രയാസം അനുഭവിക്കുന്നവരെയും ഉയർച്ചയിലേക്ക് കൊണ്ടുവരണം. അങ്ങനെ ബധിരരുടെ അവകാശങ്ങൾക്കായി സംഘടനാ പ്രവർത്തനം ഏറ്റെടുത്തു. ഇന്ന് ഡെഫ് വിമൻസ് ഫോറം സംസ്ഥാന പ്രസിഡന്റ്, ഡെഫ് വിമൻസ് ഫോറം കോട്ടയം ജില്ലാ കമ്മിറ്റി ചെയർപേഴ്സൺ, ഡെഫ് എംപ്ലോയീസ് ഫോറം സംസ്ഥാന കോർഡിനേറ്റർ എന്നീ സ്ഥാനങ്ങളിൽ തുടരുന്നു. പഞ്ചായത്ത് ജീവനക്കാർക്കു വേണ്ടിയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലും രശ്മി സജീവമാണ്. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ആംഗ്യഭാഷയിൽ പരിശീലനം നൽകണമെന്ന് ഭിന്നശേഷി സംവാദത്തിൽ മുഖ്യമന്ത്രി പിണറായി വിജയനോട് ആവശ്യപ്പെട്ടതും രശ്മിയാണ്. നാലായിരത്തി എഴുന്നൂറോളം അംഗങ്ങളുള്ള സംസ്ഥാനത്തെ പഞ്ചായത്ത് ജീവനക്കാരുടെ വാട്സാപ്പ് ഗ്രൂപ്പായ പഞ്ചായത്ത് ഗൈഡിന്റെ അഡ്മിൻ കൂടിയാണ് രശ്മി.

ചുണ്ടനക്കം നോക്കി ആശയവിനിമയം നടത്തിയിരുന്ന രശ്മിക്ക് കോവിഡ് കാലത്തെ മാസ്ക് ഉപയോഗം പ്രയാസമുണ്ടാക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് വകുപ്പിലെ സഹപ്രവർത്തകരുടേയും ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും അകമഴിഞ്ഞ സഹകരണം ആശ്വാസമാണ്. തന്റെ ഉയർച്ചയിൽ ഏറ്റവും കടപ്പെട്ടിരിക്കുന്നത് ആരോടെന്നു ചോദിച്ചപ്പോൾ രശ്മിയുടെ മറുപടി ഇതായിരുന്നു. ശാരീരിക പരിമിതിയിൽ തളച്ചിടാതെ മികച്ച വിദ്യാഭ്യാസവും പ്രോത്സാഹനവും തന്ന തന്റെ മാതാപിതാക്കളോടാദ്യം. ഔദ്യോഗിക നിർവ്വഹണത്തിൽ, മുൻ പഞ്ചായത്ത് സെക്രട്ടറിയും നിലവിൽ കോട്ടയം ജില്ലയിലെ പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടറായ ബിനു ജോൺ സാറിനോടും പഞ്ചായത്തു വകുപ്പ് ജീവനക്കാരോടുമെന്ന് രശ്മി. മുത്തോലി പഞ്ചായത്തിലെ ആദ്യനിയമനത്തിൽ ക്ലറിക്കൽ ജോലികൾ മനസ്സിലാക്കുന്നതിലുള്ള തന്റെ പ്രയാസം തിരിച്ചറിഞ്ഞ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ബിനു ജോൺ കൃത്യനിർവ്വണം എങ്ങനെയെന്ന് വെള്ളപ്പേപ്പറിൽ 20 പേജുകളിലായി എഴുതിനൽകിയതും രശ്മി നന്ദിയോടെ ഓർക്കുന്നു. തനിക്കൊപ്പം വിവിധ ഓഫീസുകളിൽ സഹപ്രവർത്തകരായിരുന്നതും നിലവിൽ കോട്ടയം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ട് ബാബുരാജ്, മുൻ അസിസ്റ്റന്റ് ഡയറക്ടർ പ്രേമരാജൻ, നിലവിലെ അസിസ്റ്റന്റ് ഡയറക്ടർ രാജേഷ്കുമാർ തുടങ്ങി മുഴുവൻ പഞ്ചായത്ത് ജീവനക്കാരും സർക്കാർ സേവനത്തിലെ ഓരോ വേളയിലും താങ്ങായും തണലായും പ്രവർത്തിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിലെ അഡീഷണൽ ഡയറക്ടർ എം.പി. അജിത്കുമാറാണ് കില നടത്തുന്ന പഞ്ചായത്ത് വകുപ്പിന്റെ ട്രയിനിംഗുകൾ ആംഗ്യഭാഷയിലാക്കാനുള്ള നിവേദനം നൽകാൻ രശ്മിയെ സഹായിച്ചത്.

രശ്മിയുടെ ജീവിതം പകർന്നുതരുന്ന വിജയമന്ത്രവും പങ്കുവച്ചു. വിജയത്തിൽ അമിതമായി സന്തോഷിക്കാറില്ല, പരാജയത്തിൽ അധികമായി സങ്കടപ്പെടാറുമില്ല. മത്സരബുദ്ധിയോടെ ഒന്നിനേയും കാണരുത്, കഠിനാധ്വാനവും ആത്മാർത്ഥതയും ശീലമാക്കിയാൽ അർഹതപ്പെട്ടത് നമ്മെ തേടിയെത്തുക തന്നെ ചെയ്യും. ഭിന്നശേഷിയുള്ളവർ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെടേണ്ടവരല്ല, മറിച്ച് പരിമിതികളെ അതിജീവിച്ച് ഉയർന്നുവരുന്നവരെ കൈപിടിച്ച് മുൻനിരയിലെത്തിക്കാൻ സമൂഹവും കൂടി തയ്യാറാവണമെന്നും രശ്മി ഓർമ്മിപ്പിക്കുന്നു.

## ജില്ലയുടെ അക്ഷരമുത്തശ്ശി കുട്ടിയമ്മ

പ്രായത്തെ വെല്ലുന്ന ആരോഗ്യ സ്ഥിതിയും സ്ഥിരോത്സാഹവും കൊണ്ട് 104-ാം വയസ്സിൽ സാക്ഷരത കൈവരിച്ച് ബിബിസി അടക്കമുള്ള ലോക മാധ്യമങ്ങളിൽ ഇടം നേടിയ അക്ഷര മുത്തശ്ശിയാണ് കോട്ടയം അയർക്കുന്നം പഞ്ചായത്തിലെ കുട്ടിയമ്മ കോന്തി. അയർക്കുന്നം പഞ്ചായത്തിലെ 11-ാം വാർഡ് തിരുവഞ്ചൂർ കരിശുപള്ളി കവലയ്ക്കടുത്ത് തട്ടാം പറമ്പിൽ കുട്ടിയമ്മയാണ് സംസ്ഥാന സാക്ഷരത മിഷന്റെ മികവുത്സവത്തിൽ നൂറിൽ 89 മാർക്ക് വാങ്ങി നാലാം ക്ലാസ്സ് പരീക്ഷയെഴുതാനുള്ള യോഗ്യത നേടിയത്. കൊച്ചുമകളുടെ പ്രായമുള്ള സാക്ഷരതാ പ്രേരക് രഹന ടീച്ചറാണ് (രഹന ജോൺ) നിറഞ്ഞ ക്ഷമയോടെയും ലാളിത്യത്തോടെയും കുട്ടിയമ്മയുൾപ്പെടെ അഞ്ചു വയോധികർക്ക് അക്ഷരവിദ്യ പകർന്നത്. സംസ്ഥാനത്തെ നൂറുവയസ്സിനു മുകളിൽ പ്രായമുള്ള തുലോം തുച്ഛമായ സാക്ഷരത പഠിതാക്കളിലൊരാളാണ് കുട്ടിയമ്മ. മാറാവ്യാധികൾ കൊണ്ടും ജീവിതശൈലീ രോഗങ്ങൾ കൊണ്ടുപോലും ആരോഗ്യസ്ഥിതി നിലനിർത്താൻ യുവത്വം തന്നെ വലയുമ്പോൾ, 100 വയസ്സിനു മുകളിൽ പ്രായമുള്ളവർ അത്യപൂർവമാകുന്ന കാലഘട്ടത്തിലാണ് 104 വയസ്സുള്ള കുട്ടിയമ്മ മികച്ച മാർക്കോടെ വാങ്ങി സാക്ഷരത കൈവരിച്ച നേട്ടം ശ്രദ്ധേയമാകുന്നത്.

പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം അപ്രധാനമായിരുന്ന കാലത്ത് 16-ാം വയസ്സിലാണ് കുട്ടിയമ്മയുടെ വിവാഹം. ചെറുപ്പകാലം തൊട്ടേ ഭർത്താവിനൊപ്പം ആയുർവ്വേദ മരുന്ന് നിർമ്മാണത്തിലും നാട്ടുചികിത്സാ രീതികളിലും കുട്ടിയമ്മ ഭാഗമായി. കുട്ടിയമ്മയുടെ ഭർത്താവ് തട്ടാംപറമ്പിൽ കോന്തിക്ക് തിരുവഞ്ചൂർ കവലയിൽ ഒരു ആയുർവ്വേദ മരുന്നുകടയുണ്ടായിരുന്നു. ഭർത്താവിന്റെ നിർദ്ദേശമനുസരിച്ച് ആയുർവ്വേദ, നാട്ടുമരുന്നുകൾ ഉണ്ടാക്കുന്നതും കടയിലേക്കെത്തിക്കുന്നതും കുട്ടിയമ്മയായിരുന്നു. ആ പീടിക ഇന്ന് കൊച്ചുമക്കൾ പലചരക്കുകടയായി പരിണമിപ്പിച്ചു. അന്നത്തെ ആയുർവ്വേദ മരുന്നുകളുടെ ഉപയോഗമാവാം നിലവിലെ ആരോഗ്യത്തിന്റെ രഹസ്യമെന്ന് അഞ്ചു തലമുറയിലെത്തിയ മക്കളും കൊച്ചുമക്കളും സാക്ഷ്യപ്പെടുത്തുന്നു. കാലമെത്ര കടന്നെങ്കിലും തന്നെക്കൊണ്ടാവുന്ന പുറംപണിയും കൃഷിപ്പണിയുമൊക്കെ ചെയ്ത് നേരം പോക്കുന്ന കുട്ടിയമ്മയ്ക്ക് ഇപ്പോഴും നാടൻ ഭക്ഷണത്തോട് തന്നെ പ്രിയം. മരച്ചീനിയും മീൻകറിയും ഇലക്കറികളും ചക്കപ്പുഴുക്കുമടങ്ങുന്ന തനിനാടൻ ഭക്ഷണം തന്നെ വേണം. ചെവിക്ക് അല്പം കേൾവിക്കുറവ് വന്നതൊഴിച്ചാൽ കുട്ടിയമ്മ പൂർണ ആരോഗ്യവതിയാണ്. ചുറുചുറുക്കോടെ എഴുതാനും പഠിക്കാനും ജോലിചെയ്യാനുമൊന്നും യാതൊരു മടിയുമില്ല. എഴുത്തും വായനയും പഠിച്ചതോടെ എന്തു കിട്ടിയാലും വായിക്കും. രാവിലെ തുടങ്ങും പത്രവായന. കണക്കുകളൊക്കെ കിറുകൃത്യം. പഴയകാല ഇഷ്ട സിനിമാഗാനങ്ങളുടെ വരികൾ ഓർത്തെഴുതി പാടിനോക്കുകയാണ് മുത്തശ്ശിയുടെ നേരമ്പോക്ക്. ജാനകി (81), ഗോപാലൻ (76) രാജപ്പനുൾപ്പെടെ അഞ്ചു മക്കളാണ് കുട്ടിയമ്മയ്ക്ക്. രണ്ടുപേർ നേരത്തെ മരിച്ചിരുന്നു. പഠനം തുടരുന്നതിനെക്കുറിച്ച് ചോദിക്കുമ്പോൾ 'ഇത്രയൊക്കെ പഠിച്ചാൽ പോരെ'യെന്ന് പല്ലില്ലാത്ത മോണകാട്ടി നിഷ്കളങ്കമായ ചിരിയോടെ കോട്ടയത്തിന്റെ കുട്ടിയമ്മ.



*രശ്മിമോഹനും കുടുംബവും. ഭർത്താവ് അനിൽകുമാർ മക്കളായ പാർവ്വതി, ശിവാനി.*

**പ്രായത്തെ വെല്ലുന്ന ആരോഗ്യസ്ഥിതിയും സ്ഥിരോത്സാഹവും കൊണ്ട് 104-ാം വയസ്സിൽ സാക്ഷരത കൈവരിച്ച് ബിബിസി അടക്കമുള്ള ലോക മാധ്യമങ്ങളിൽ ഇടം നേടിയ അക്ഷരമുത്തശ്ശിയാണ് കോട്ടയം അയർക്കുന്നം പഞ്ചായത്തിലെ കുട്ടിയമ്മ കോന്തി**

## പത്മശ്രീയുടെ നിറവിൽ മൂഴിക്കൽ പങ്കജാക്ഷി

ജില്ലയിലെ മറ്റൊരു വനിതാരത്നമാണ് പത്മശ്രീ ജേത്രിയായ നോക്കുവിദ്യാ പാവകളി കലാകാരി മൂഴിക്കൽ എം.എസ്. പങ്കജാക്ഷി. അനാരോഗ്യം മൂലം 2020 ലെ പത്മശ്രീ പുരസ്കാരം 2022 നവംബർ എട്ടിന് ഡൽഹിയിൽ പോയി ഏറ്റുവാങ്ങാൻ സാധിക്കാത്ത കാരണത്താൽ ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് ഡിസംബർ 30 ന് ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. പങ്കജാക്ഷിയുടെ വീട്ടിൽ നേരിട്ടെത്തിയാണ് പത്മശ്രീ ബാഡ്ജ്, മിനിയേച്ചർ ബാഡ്ജ് എന്നിവ അണിയിച്ചത്. പ്രശസ്തിപത്രവും (സന്നത്) കൈമാറി. കേരളത്തിൽതന്നെ അത്യപൂർവ്വമാകുന്ന പാരമ്പര്യ കലാരൂപമായ നോക്കുവിദ്യാ പാവകളിയെന്ന പാവനാടകത്തിന് പത്മശ്രീ ദേശീയ പുരസ്കാരം അല്പം വൈകിയെങ്കിലും, പങ്കജാക്ഷിയമ്മയുടെ



*കേന്ദ്ര സാമൂഹിക നീതി വകുപ്പിന്റെ ദേശീയ ഭിന്നശേഷി ശാക്തീകരണ പുരസ്കാരം ഡൽഹിയിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്നും രശ്മി ഏറ്റുവാങ്ങുന്നു.*



*നോക്കുവിദ്യ പാവകളി കലാകാരി മൂഴിക്കൽ എം.എസ്. പങ്കജാക്ഷിയും ചെറുമകൾ കെ.എസ്. രഞ്ജിനിയും*

അനാരോഗ്യത്താൽ കണ്ണിയറ്റുപോകാതെ തന്റെ സാമുദായിക കലയെ നെഞ്ചിലേറ്റി വേദികളിൽ ഇപ്പോൾ നിറസാന്നിദ്ധ്യമാകുന്നത് മകളുടെ മകളായ രഞ്ജിനിയാണ്. അഞ്ച് നൂറ്റാണ്ടിനപ്പുറം പഴക്കമുള്ള കേരളത്തിന്റെ പരമ്പരാഗത കലയായ നോക്കുവിദ്യ പാവകളി സംരക്ഷിക്കുന്നതിന് നിർണായക പങ്കുവഹിച്ച കലാകാരി പങ്കജാക്ഷിക്ക് ഓർമ്മക്കുറവുള്ളതിനാൽ ആ അനുഭവങ്ങളെ ചോദിച്ചറിഞ്ഞ് മറുപടി നൽകിയതാവട്ടെ യുവകലാകാരി രഞ്ജിനിയും.

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ മോനിപ്പള്ളി എന്ന ഗ്രാമം അറിയപ്പെടുന്നത് ഇന്നൊരു പത്മശ്രീ ജേത്രിയുടെ ജന്മനാടെന്ന പ്രൗഢിയിലാണ്. 2009 ൽ പാരീസിൽ നടന്ന അന്താരാഷ്ട്ര ടൂറിസം പരിപാടിയിൽ കേരളത്തെ പ്രതിനിധാനം ചെയ്ത് നോക്കുവിദ്യാ പാവകളി അവതരിപ്പിക്കാൻ മൂഴിക്കൽ പങ്കജാക്ഷിയ്ക്ക് അവസരം ലഭിച്ചതോടെയാണ് ഈ നാടൻ കലയെ ലോകമറിഞ്ഞത്. കേരളത്തിലെ വേലൻ സമുദായത്തിലെ സ്ത്രീകൾക്ക് തായ്‌വഴിയായി കൈമാറിക്കിട്ടിയ കലാപാരമ്പര്യമാണ് നോക്കുവിദ്യാ പാവകളി. പണ്ട് ഓണംതുള്ളൽ എന്നറിയപ്പെട്ടിരുന്ന ഈ കലാരൂപം ഓണക്കാലത്തെ അത്തംമുതലുള്ള പത്തു ദിവസങ്ങളിൽ നമ്പൂതിരി, നായർ കുടുംബങ്ങളിൽ ചെന്ന് അവതരിപ്പിച്ചിരുന്നതായും പറയപ്പെടുന്നു. സമുദായിക വിശ്വാസപ്രകാരം ശിവനും പാർവ്വതിയും കുറവനും കുറത്തിയുമായി അവതാരമെടുത്ത കാലത്ത് പാർവ്വതീദേവിയെ സന്തോഷിപ്പിക്കാനായി ഏഴിലംമ്പാലയുടെ തടിയിൽ ഒരു രൂപം കൊത്തിയെടുത്ത് കമുകിൻ കോലിൽ മേൽച്ചുണ്ടിൽ ബാലൻസ് ചെയ്ത് പാട്ടും ഈണവും നൽകി പാവകളി കാണിച്ചുകൊടുത്തുവെന്നാണ് ഐതിഹ്യം. കാലാന്തരത്തിൽ പിൻതലമുറക്കാരായ വേലൻസമുദായക്കാർക്ക് ഭഗവാൻ വരദാനമായി കനിഞ്ഞരുളിയ കലാരൂപമാണെന്നും ഇവർ വിശ്വസിക്കപ്പെടുന്നു.

ഐതിഹ്യത്തിൽ നിന്ന് പിറവിയെടുത്തതുകൊണ്ടു തന്നെ ഹിന്ദു പുരാണകഥകളെ ഈരടികളാക്കി ഈണമിട്ട് പുരാണകഥാപാത്രങ്ങളെ പാവകളിൽ തീർത്ത് വ്രതശുദ്ധിയോടെ സ്ത്രീകളാണ് നോക്കുവിദ്യ പാവകളി അവതരിപ്പിക്കുക. രാമായണത്തിലെയും മഹാഭാരതത്തിലേയും കഥാസന്ദർഭങ്ങളാണ് മിക്കപ്പോഴും പാവകളിയ്ക്ക് വിഷയങ്ങളാകുന്നതെങ്കിലും പ്രപഞ്ചത്തെയും പ്രകൃതിയേയും വർണ്ണിച്ചും ചില നാടൻ കഥാപാത്രങ്ങളും ഈ കളിക്ക് വിഷയമാവാറുണ്ട്. അമ്മാനാട്ടം, പാറാവളയം, ചുറ്റിക്കൽ എന്നിവയാണ് ഇതിലെ പ്രധാന ഇനങ്ങൾ. തുടി, കൈമണി എന്നീ വാദ്യോപകരണങ്ങളും ഇതിനുപയോഗിക്കുന്നു. പാലത്തടിയിൽ കൊത്തിയെടുത്ത വിവിധ തരം അലങ്കരിച്ച പാവകൾ ചായം തേച്ച ഒരു മുളന്തണ്ടിനു മേൽ പിടിപ്പിക്കും. ആ മുളയുടെ അടിഭാഗം മൂക്കിനു താഴെ, മേൽച്ചുണ്ടിനു മുകളിലായി നിറുത്തും. പാവകളുമായി ബന്ധപ്പെട്ട് ഒരു ചരട് വലിച്ച് പാവകളെ ചലിപ്പിക്കുകയാണ് ഇതിന്റെ സ്വഭാവം. പ്രത്യേക പാട്ടുകളും പാട്ടും. അവതാരകയുടെ നോട്ടം എപ്പോഴും മുളയുടെ തുലനത്തിലായിരിക്കും. വാദ്യത്തിനും പാട്ടിനും പുരുഷൻമാരുമുണ്ടായിരിക്കും. രണ്ടുമുതൽ മൂന്നുമിനിട്ട് വരെയാണ് ഓരോ പാട്ടിന്റെയും ദൈർഘ്യം. മൂക്കിലിരിക്കുന്ന കോൽ ബാലൻസ് ചെയ്ത് കൈയിലെ ചരടുകൾ ചലിപ്പിച്ചുവേണം പാവനാടകം നടത്താൻ. രണ്ടടി നീളമുള്ള ചൂരൽ വണ്ണത്തിലുള്ള കോൽ മേൽച്ചുണ്ടിൽ നിർത്തിക്കൊണ്ടുതന്നെ കാലുകളുടെ പെരുവിരൽ കൊണ്ട് പാറാവളയം കറക്കുന്നു. ഒപ്പം തന്നെ ചെറിയ പന്തുകൾകൊണ്ട് അമ്മാനാട്ടം നടത്തും. പണ്ടുകാലത്ത് മൂക്കേവിദ്യ എന്നും അറിയപ്പെട്ടിരുന്ന ഈ ഓണക്കളിയിൽ ഓണത്തെ സംബന്ധിച്ച പാട്ടുകളും പാടിയിരുന്നു. പങ്കജാക്ഷിയമ്മയുടെ പൂർവ്വികരായ കലാവതാരകർക്ക് തിരുവിതാംകൂർ രാജാക്കന്മാരിൽ നിന്ന് പട്ടും വളയും കിട്ടിയിട്ടുള്ളതായി അമ്മമ്മ പറഞ്ഞുകേട്ടിട്ടുണ്ടെന്ന്

രഞ്ജിനി ഓർത്തു പറഞ്ഞു. കൂടാതെ ഫോക്‌ലോർ അക്കാദമി അവാർഡും ഫെല്ലോഷിപ്പും പങ്കജാക്ഷിക്ക് ലഭിച്ചിട്ടുണ്ട്.

നിറഞ്ഞ ഈശ്വരവിശ്വാസത്തോടെ വ്രതമെടുത്ത് കലയെ മാത്രം മനസ്സിലർപ്പിച്ച് വ്യക്തിപരമായ സുഖങ്ങളും സന്തോഷങ്ങളും മാറ്റിവെച്ച് കഠിനമായ ഏകാഗ്രതയും പരിശീലനവുംകൊണ്ട് കുറഞ്ഞത് നാലഞ്ചുവർഷത്തെ പരിശീലനത്തിലൂടെ വേണം ഈ കലാരൂപം സ്വായത്തമാക്കാൻ. മുത്തശ്ശിയുടെ 11-ാമത്തെ വയസ്സിലാണ് കല പഠിച്ചുതുടങ്ങിയത്. രഞ്ജിനി മുത്തശ്ശിയിൽ നിന്നു പഠിച്ചതാകട്ടെ ഏഴാം വയസ്സിലും. മച്ചിങ്ങ ഈർക്കിലിൽ കുത്തി മേൽച്ചുണ്ടിൽ വെച്ച് ആരംഭിക്കുന്ന പരിശീലനത്തിൽ ബാലൻസ് നേടുന്നതോടെ കോലിൽ പാവയെ വെച്ച് ബാലൻസ് നോക്കും, പിന്നെപ്പിന്നെ കോലിനുമുകളിലെ പ്രത്യേകം ഘടിപ്പിച്ച മുളംതണ്ടിൽ പാവകളുടെ എണ്ണം കൂട്ടും, ചരടുകളെ ബന്ധിപ്പിച്ച് ഇവയെ ചലിപ്പിക്കും. കത്തുന്ന നിലവിളക്കിനു മുന്നിൽ നിലത്ത് പായ പിരിച്ച് അവതരിപ്പിക്കുന്ന ഈ കലാരൂപത്തിന്റെ മുഴുവൻ നിയന്ത്രണവും കണ്ണിലാണ് കേന്ദ്രീകരിക്കുന്നത്. ഇമ ചിമ്മുന്നതു കൂടിയോ കുറഞ്ഞോ പോയാൽ പോലും കളിയുടെ ബാലൻസിംഗിനെ ബാധിക്കും. അതുകൊണ്ടുതന്നെ വെളിച്ചം കൂടുതലുള്ളതും പൊടിയടിക്കാൻ സാധ്യതയുള്ളതുമായ ഓപ്പൺ സ്റ്റേജിൽ ഈ കലാരൂപം അവതരിപ്പിക്കാനാവില്ല. തോൽപ്പാവക്കൂത്താണോ നൂൽപ്പാവക്കൂത്താണോ എന്നു സംശയം പ്രകടിപ്പിച്ച സദസ്സിനു മുന്നിലാണ് കഥാസന്ദർഭം വിവരിച്ചു തുടങ്ങിയത്.



*രഞ്ജിനിയുടെ കലാവതരണം*

പങ്കജാക്ഷിയമ്മയുടെ മകളായ രാധാമണിയുടെ മക്കളാണ് രഞ്ജിനിയും രഞ്ജിത്തും. അമ്മയുടേയും ചേട്ടന്റേയും നിർബന്ധപ്രകാരമാണ് ചെറുപ്പം മുതൽ രഞ്ജിനി പാവകളി അഭ്യസിച്ചു പോന്നത്. സഹോദരൻ രഞ്ജിത്താണ് ഓരോ പരിപാടിയിലേക്കും പാവകളെ തയ്യാറാക്കി നൽകുന്നത്. വാദ്യോപകരണത്തിനും പാട്ടിലുമായി ആനന്ദും ശിവദാസും വേദികളിൽ സഹായികളാകുന്നു. ഇതിനകം നൂറോളം വേദികളിൽ രഞ്ജിനി നോക്കുവിദ്യാ പാവകളി അവതരിപ്പിച്ചു കഴിഞ്ഞു. ടൂറിസം വേദികളിലും അമ്പലങ്ങളിലെ ഉത്സവപരിപാടികളിലും സമുദായത്തിന്റെ കൂട്ടായ്മകളിലുമാണ് നാട്ടിൽ വേദി കിട്ടുക. 2019-ൽ ബംഗ്ലൂരിൽ നടന്ന ധാത്തോ ഇന്റർനാഷണൽ പപ്പറ്റ് ഫെസ്റ്റിവലിലും ഡൽഹിയിലെ ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്സിലും രഞ്ജിനി പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. ഡൽഹിയിലെ പരിപാടിക്കുശേഷമാണ് പത്മശ്രീക്കു പരിഗണിച്ച കേരളീയരുടെ പട്ടികയിൽ മൂഴിക്കൽ പങ്കജാക്ഷിയും ഇടം നേടിയത്. പക്ഷാഘാതം വന്നതോടെ കലയിൽ നിന്നകന്ന പങ്കജാക്ഷിക്ക് ഇന്ന് 86 വയസ്സുണ്ട്. എത്ര തലമുറകൾ വന്നുപോയാലും പാരമ്പര്യകലയുടെ ഒരു കണ്ണിയെങ്കിലും അവശേഷിക്കണമെന്ന പൂർവ്വികരുടെ അധമ്യമായ ആഗ്രഹവും പ്രാർത്ഥനയുമാകാം ഈ നിമിത്തം എന്നിൽ വന്നുചേർന്നതെന്ന കർമ്മയോഗത്തിൽ സംതൃപ്തയെന്ന മറുപടിയുമായി ഇന്ന് ഈ കല ചെയ്യുന്ന കേരളത്തിൽ അറിയപ്പെടുന്ന ഒരേയൊരു നോക്കുവിദ്യാപാവകളി കലാകാരി കെ.എസ്. രഞ്ജിനി മാത്രം. ☐

*ലേഖിക കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസിലെ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറാണ്.*




# വിവരവും വിവരാവകാശവും

■ കെ ആർ. രഞ്ജിത്ത്

ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്കായതിനു ശേഷം നടപ്പിൽ വന്നിട്ടുള്ളതിൽ വളരെയധികം ശ്രദ്ധിക്കപ്പെട്ട ഒരു നിയമമാണ് 2005 ൽ പാർലമെന്റ് പാസ്സാക്കിയ വിവരാവകാശനിയമം. (Right To Information Act) 2005 മെയ് 11 ന് ലോകസഭ പാസ്സാക്കിയ നിയമത്തിന് അതേ വർഷം ജൂൺ 15 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. 2005 ഒക്ടോബർ 12 ന് ജമ്മു കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും വിവരാവകാശനിയമം പൂർണ്ണമായി നിലവിൽ വന്നു.

ജനാധിപത്യ സംവിധാനത്തിൽ ഓരോ പൗരനും തന്റെ അവകാശങ്ങൾ എങ്ങനെയാണ് ഹനിക്കപ്പെടുന്നതെന്നും, സംരക്ഷിക്കപ്പെടുന്നതെന്നും അറിയാനുള്ള അവകാശമുണ്ട്. ഇന്ത്യൻ ഭരണഘടന പൗരന് ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളിൽ പ്രധാനമാണ് അഭിപ്രായ സ്വാതന്ത്ര്യം. ഭരണനിർവ്വഹണത്തിൽ സുതാര്യത കൈവരിക്കുന്നതിന് അഴിമതി, സ്വജനപക്ഷപാതം, കാലതാമസം, എന്നിവ ഇല്ലാതാക്കുന്നതിനും, കാര്യക്ഷമവും സുതാര്യവുമായ ഭരണം സമൂഹത്തിന് നേടി എടുക്കുന്നതിന് വേണ്ടിയാണ് വിവരാവകാശനിയമം നടപ്പിലാക്കിയിട്ടുള്ളത്. വിവരാവകാശ നിയമം സഫലമാകണമെങ്കിൽ സത്യസന്ധതയിലും, സ്വന്തം കടമകളിലും, ബോധവാൻമാരായ ഉദ്യോഗസ്ഥരും അവകാശങ്ങളെക്കുറിച്ച് പൂർണ്ണ അറിവുമുള്ള ഒരു പൗരസമൂഹവും ഉണ്ടാകണം. ഈ നിയമത്തിലെ വ്യവസ്ഥകൾ ഉദ്യോഗസ്ഥരും പൊതുസമൂഹവും അറിഞ്ഞിരിക്കേണ്ടതും നിയമത്തിന് അനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്താൽ മാത്രമേ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ.

## വിവരങ്ങൾ - INFORMATION

വിവരാവകാശനിയമത്തിലെ 2(f) വകുപ്പനുസരിച്ച് ഏതു രൂപത്തിലുള്ള ഏതു വസ്തുവും "വിവരം" ആണ്. ഫയലുകൾ, രജിസ്റ്ററുകൾ, ലോഗ് ബുക്കുകൾ , റിക്കാർഡുകൾ, പ്രമാണങ്ങൾ, വർക്ക് ഡയറി, കമ്പ്യൂട്ടറിലോ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളിലോ സൂക്ഷിച്ചിട്ടുള്ള ഡാറ്റ, മോഡലുകൾ, ഉപകരണങ്ങൾ, വാഹനങ്ങൾ, കെട്ടിടങ്ങൾ, ഇ-മെയിലുകൾ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, കുറിപ്പുകൾ, സർക്കുലറുകൾ എന്നിവയുൾപ്പെടെയുള്ള വിവരം എന്നിവ സംജ്ഞയിൽ വരുന്നു.

## എന്താണ് വിവരാവകാശം

ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരം ലഭിക്കുന്നതിന് പൗരൻമാർക്കുള്ള അവകാശമാണ് വിവരാവകാശം. രാജ്യത്തെ എല്ലാ പൗരൻമാർക്കും അറിയാനുള്ള അവകാശമുണ്ട്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്നയാൾക്കും ആ സ്ഥാപനത്തിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകാവുന്നതാണ്. ഒരു സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി ജനറൽ മാനേജർ എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകളിൽ വിവരാവകാശനിയമപ്രകാരം അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ല. ഇവരെ പൗരൻമാരായി കണക്കാക്കുവാൻ സാധിക്കുകയില്ല.

## പൊതു അധികാരി (PUBLIC AUTHORITY)

വിവരങ്ങൾ കൈവശമുള്ള സ്ഥാപനങ്ങളാണ് പബ്ലിക് അതോറിറ്റികൾ. ഇന്ത്യൻ ഭരണഘടനയിലോ, അതിൻ കീഴിലോ, പാർലമെന്റോ, സംസ്ഥാന നിയമസഭയോ പാസ്സാക്കിയ നിയമ പ്രകാരമോ, സർക്കാർ വിജ്ഞാപനം/ ഉത്തരവ് മുഖേനെ സ്ഥാപിക്കപ്പെട്ടതോ രൂപീകരിക്കപ്പെട്ടതോ ആയ ഭരണഘടന സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സർക്കാർ ധനസഹായം കൈപ്പറ്റുന്ന എല്ലാ സ്ഥാപനങ്ങളും പബ്ലിക് അതോറിറ്റികളാണ്. ഒരു പബ്ലിക് അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലെയും, സ്വകാര്യസ്ഥാപനങ്ങളിലെയും വിവരങ്ങൾ പൊതു അധികാരിക്ക് വാങ്ങി അപേക്ഷകന് നൽകാനുള്ള ബാധ്യതയുണ്ട്.

## സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (SPIO)

വിവരാവകാശനിയമപ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ശരിയായ സ്ഥാനപ്പേര് സെൻട്രൽ അഥവാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നാണ്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ, നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ സെൻട്രൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ എന്നുമാണ് അറിയപ്പെടുന്നത്.

പൊതു അധികാരിയിൽ നിന്ന് അപേക്ഷകന് വിവരങ്ങൾ നൽകാൻ നിയുക്തനായ ഉദ്യോഗസ്ഥനാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. വിവരങ്ങൾ അപേക്ഷകന് നൽകേണ്ടത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണ്. അതുപോലെ അപേക്ഷതീർപ്പാക്കുന്ന കാര്യത്തിൽ പൂർണ്ണ അധികാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ്. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരോടും ഒപ്പോടും കൂടി മാത്രമേ കത്തിടപാടുകൾ നടത്താൻ പാടുള്ളൂ.







## അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (ASPIO)

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൈപ്പറ്റിയാൽ ഉടനെതന്നെ അപേക്ഷയെ സംബന്ധിച്ച് അതായത് അപേക്ഷകന്റെ പേര്, വിലാസം, ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ, ഒടുക്കിയഫീസ് എന്നിവ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും ഉടനെ തന്നെ രജിസ്റ്റർ സഹിതം അപേക്ഷ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറേണ്ടതാണ്.

അപ്പീലുകൾ കൈപ്പറ്റുമ്പോൾ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകൻ ആദ്യം സമർപ്പിച്ച അപേക്ഷയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിൽ അതിന്റെ തുടർച്ചയായി അപ്പീലിനെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളുടെ സൂക്ഷിപ്പുകാരനായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സെക്ഷൻ 5 പ്രകാരം ഉടനെ തന്നെ കൈമാറേണ്ടതാണ്.

## അപേക്ഷ സമർപ്പണം, അപേക്ഷ തീർപ്പാക്കൽ

ഒരു ഇന്ത്യൻ പൗരനായിരിക്കണം, പ്രായപൂർത്തിയാകണമെന്ന് നിർബന്ധമില്ല. 10 രൂപയുടെ ഫീസ് സഹിതം ഇംഗ്ലീഷ്, ഹിന്ദി, പ്രാദേശിക ഔദ്യോഗിക ഭാഷ ഇവയിൽ ഏതെങ്കിലും ഭാഷയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചോ അല്ലെങ്കിൽ 10 രൂപ ട്രഷറിയിൽ 007-60-800-36 Receipts under RTI Act എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ചലാൻ അടവാക്കുകയോ പബ്ലിക് ഇൻഫർമേഷൻ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഓഫീസിൽ 10 രൂപ ഒടുക്കി രസീത് വാങ്ങിയോ അല്ലെങ്കിൽ കേരളത്തിൽ പോസ്റ്റൽ ഓർഡർ ഒഴികെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ/ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് / ബാങ്കേഴ്സ് ചെക്ക്/ പേ ഓർഡർ വാങ്ങിയോ , അപേക്ഷ ഫീസ് ഒടുക്കാവുന്നതാണ്. BPL വിഭാഗത്തിൽപ്പെട്ടവർക്ക് ഫീസ് ഒടുക്കേണ്ടതില്ല.




സെക്രട്ടറി/പ്രസിഡന്റ് എന്നിങ്ങനെ രേഖപ്പെടുത്തി അപേക്ഷകന് അപേക്ഷ നൽകാനാവില്ല. പേരിനൊപ്പം സെക്രട്ടറി/ പ്രസിഡന്റ് എന്നിങ്ങനെ രേഖപ്പെടുത്തി അപേക്ഷകന് അപേക്ഷ നൽകാവുന്നതാണ്. കൂടാതെ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകനോട് വിവരം എന്തിനാണെന്ന് ചോദിച്ചാൽ വകുപ്പ് 6(2) ന്റെ ലംഘനമാകും.

വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വകുപ്പ് 5(3) ൽ പറയും പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കേണ്ടതാണ്. ഒരു പബ്ലിക് അതോറിറ്റിയിലെ എല്ലാവരും ഇതിന് ബാധ്യസ്ഥരാണ്.

ആവശ്യപ്പെട്ട വിവരങ്ങൾ മറ്റൊരു പബ്ലിക് അതോറിറ്റിയുടെ കൈവശം ആയിരിക്കുന്ന സാഹചര്യം വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ മറ്റൊരു പബ്ലിക് അതോറിറ്റിയുടെ കൈവശത്തിലായാൽ ഉടൻ തന്നെ കൈമാറിയിരിക്കണം. 5 ദിവസങ്ങളിൽ കൂടാനും പാടില്ല. വിവരങ്ങൾ 30 ദിവസങ്ങൾക്കുള്ളിൽ നൽകിയിരിക്കണമെന്ന ചട്ടം 7 ലെ നിബന്ധനയിൽ മറ്റൊരു പബ്ലിക് അതോറിറ്റിക്ക് കൈമാറുന്നതിനായി 5 ദിവസം കൂടെ അനുവദിച്ച് 35 ദിവസങ്ങളിലായി കണക്കാക്കും. ചില അപേക്ഷകളിൽ ഒന്നിൽകൂടുതൽ പബ്ലിക് അതോറിറ്റിയുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നുവെങ്കിൽ അപേക്ഷയുടെ പകർപ്പ് എടുത്ത് മറ്റ പബ്ലിക് അതോറിറ്റികൾക്ക് അയച്ചു കൊടുക്കുകയും ആ വിവരം അപേക്ഷകനെ അറിയിക്കാവുന്നതുമാണ്. കൂടാതെ 6(3) വകുപ്പിന് വളരെ കൃത്യമായ വ്യാഖ്യാനം നൽകുകയാണെങ്കിൽ അപേക്ഷ മറ്റ് ഒരു പൊതു അധികാരിക്ക് മാത്രം കൈമാറ്റം ചെയ്താൽ മതിയാകും. ഇത്തരത്തിലുള്ള ഒരു നിർദ്ദേശമാണ് കേന്ദ്ര സർക്കാർ അതിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. വിവരാവകാശനിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ആവശ്യപ്പെട്ട വിവരം വളരെയധികം പൊതു അധികാരികളുടെ കൈവശമാണ് ഉള്ളതെങ്കിൽ അപേക്ഷ ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കുവാൻ അപേക്ഷകന് മറ്റ പൊതു അധികാരികളുടെ വിലാസം സഹിതം അറിയിപ്പ് നൽകാവുന്നതാണ്.

> **വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വകുപ്പ് 5(3) ൽ പറയും പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കേണ്ടതാണ്. ഒരു പബ്ലിക് അതോറിറ്റിയിലെ എല്ലാവരും ഇതിന് ബാധ്യസ്ഥരാണ്**

## സെക്ഷൻ 7(1) വിവരങ്ങൾ നൽകുന്നതിനുള്ള സമയപരിധി

അപേക്ഷ സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണം. നൽകാൻ കഴിയാത്തതാണെങ്കിൽ ആ വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കുകയും ചെയ്യണം. എത്രയും വേഗത്തിൽ എന്നാൽ യാതൊരു കാരണവശാലും 30 ദിവസത്തിൽ കൂടാതെയും വിവരങ്ങൾ നൽകേണ്ടതാണ്. കൂടാതെ ഒരു വ്യക്തിയുടെ ജീവനെയോ, സ്വത്തിനേയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത്തരത്തിലുള്ള വിവരം 48 മണിക്കൂറിനകം നൽകേണ്ടതാണ്.

## വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചെലവ്

വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് ഓരോ പേജിനും 3 രൂപ, വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ ചെലവ്, സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ ചെലവ്, രേഖകളുടെ പരിശോധനക്ക് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. അതിനു ശേഷമുള്ള ഓരോ 30 മിനിട്ടിനും അതിന്റെ അംശത്തിനും 10 രൂപ വീതം.

## മൂന്നാം കക്ഷി വിവരങ്ങൾ

അപേക്ഷ സമർപ്പിക്കുന്ന പൗരനൊഴികെയുള്ള വ്യക്തികളെയാണ് മൂന്നാം കക്ഷിയായി കണക്കാക്കുന്നത്. ഒരു പൊതു അധികാരിയും മൂന്നാം കക്ഷിയുടെ നിർവ്വചനത്തിൽപ്പെടുന്നു. മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതോ, മൂന്നാം കക്ഷി പബ്ലിക് അതോറ്റിയെ ഏൽപിച്ചതോ ആ വിവരങ്ങൾ രഹസ്യമായതാണെന്ന് മൂന്നാം കക്ഷി കരുതുന്നതുമായ വിവരങ്ങളാണ് മൂന്നാം കക്ഷി വിവരങ്ങൾ. ഇത്തരത്തിലുള്ള ഒരു മൂന്നാം കക്ഷി വിവരം വെളിപ്പെടുത്താൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തീരുമാനിക്കുകയാണെങ്കിൽ അപേക്ഷ സ്വീക

രിച്ച് 5 ദിവസത്തിനുള്ളിൽ അക്കാര്യം അറിയിച്ചുകൊണ്ട് മൂന്നാം കക്ഷിക്ക് രേഖാമൂലം നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ മൂന്നാം കക്ഷി വാക്കാലോ, രേഖാമൂലമോ മറുപടി നൽകണം. നോട്ടീസിന് സമയപരിധിക്കുള്ളിൽ മറുപടി നൽകാതിരിക്കുകയോ, വിവരം വെളിപ്പെടുത്തുന്നതിനോട് വിയോജിപ്പില്ലെന്ന് അറിയിച്ചാൽ വിവരം വെളിപ്പെടുത്താവുന്നതാണ്.

വിവരം വെളിപ്പെടുത്തുന്നതിനോട് മൂന്നാം കക്ഷി വിയോജിപ്പ് രേഖപ്പെടുത്തുകയാണെങ്കിൽ അതു കൂടി കണക്കിലെടുത്താണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തീരുമാനം കൈക്കൊള്ളേണ്ടത്. വിവരം വെളിപ്പെടുത്തുന്നതിലെ പൊതുതാൽപര്യത്തിനാണോ വിവരം വെളിപ്പെടുത്തിയാൽ മൂന്നാം കക്ഷിയുടെ താത്പര്യങ്ങൾക്കുണ്ടാകാൻ സാധ്യതയുള്ള വിപരീത ഫലത്തിനാണോ മുൻതൂക്കം എന്ന് നിശ്ചയിച്ച് അതിനനുസരണമാണ് തീരുമാനം എടുക്കേണ്ടത്.






## അപ്പീൽ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷ നിരസിക്കുകയോ അല്ലെങ്കിൽ തെറ്റായതോ അപൂർണ്ണമായതോ ആയ വിവരങ്ങൾ നൽകിയതായി ബോധ്യപ്പെടുകയോ ചെയ്താൽ അപേക്ഷകന് 30 ദിവസത്തിനകം ഒന്നാം അപ്പീൽ സമർപ്പിക്കേണ്ടതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനത്തിലും അപേക്ഷകൻ തൃപ്തനായില്ലെങ്കിൽ രണ്ടാം അപ്പീൽ 90 ദിവസത്തിനകം സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപ്പീലുകൾ സ്വീകരിക്കണമോ എന്ന കാര്യം അപ്പീൽ അധികാരിയുടെ വിവേചനാധികാരത്തിൽപ്പെടുന്നു.

## പിഴ ശിക്ഷ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച തെളിയിക്കപ്പെട്ടാൽ ചുവടെ പറയുന്ന കാരണങ്ങളാൽ സെക്ഷൻ 20(1) പ്രകാരം പിഴ ശിക്ഷ വിധിക്കാൻ കമ്മീഷൻ നിർബന്ധിതമായേക്കും.

ന്യായമായ കാരണങ്ങളില്ലാതെ അപേക്ഷ സ്വീകരിക്കാതിരിക്കുക, ആവശ്യപ്പെട്ട വിവരങ്ങൾ നിശ്ചിത തീയതിക്കകം നൽകാതിരിക്കുക, തെറ്റായതോ അപൂർണ്ണമായതോ ആയ വിവരങ്ങൾ നൽകുക. ആവശ്യപ്പെട്ട വിവരങ്ങൾ നശിപ്പിക്കുക, വിവരങ്ങൾ നൽകുന്നത് ഏതെങ്കിലും മാർഗ്ഗത്തിൽ മാറ്റുക ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് ഒരു ദിവസത്തിന് 250 രൂപ നിരക്കിൽ പരമാവധി 25000 രൂപ വരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. പിഴസംഖ്യ സർക്കാരിലേക്ക് അടക്കേണ്ടതാണ്.

വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിച്ചാൽ മാത്രമേ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കുകയുള്ളൂ. □

*(ലേഖകൻ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കാണ്)*



# പ്രവർത്തന മികവിൽ മിന്നി കുടുംബശ്രീ രാജ്യത്ത് ഒന്നാമത്

## ദേശീയനഗര ഉപജീവന ദൗത്യം പദ്ധതി നിർവ്വഹണത്തിന് കുടുംബശ്രീക്ക് 2020-21ലെ ദേശീയ അവാർഡ്

രാജ്യത്ത് ദേശീയനഗര ഉപജീവന ദൗത്യം പദ്ധതി മികച്ചരീതിയിൽ നടപ്പാക്കുന്നതിന് കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2020-2021 ലെ 'സ്പാർക്ക്' (സിസ്റ്റമാറ്റിക് പ്രോഗ്രസ്സീവ് അനലിറ്റിക്കൽ റിയൽ ടൈം റാങ്കിങ്ങ്) റാങ്കിങ്ങിൽ കേരളത്തിന്റെ കുടുംബശ്രീ ഒന്നാമതായി. 20 കോടി രൂപയാണ് അവാർഡ്. സ്പാർക് റാങ്കിങ്ങിൽ ആന്ധ്ര പ്രദേശിന് രണ്ടാംസ്ഥാനവും തമിഴ്നാടിന് മൂന്നാം സ്ഥാനവും ലഭിച്ചു. കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

'ദേശീയനഗര ഉപജീവന ദൗത്യം' പദ്ധതി നിർവ്വഹണത്തിലെ മികവു പരിഗണിച്ചാണ് സ്പാർക്ക് റാങ്കിങ്ങ് നൽകുക. കുടുംബശ്രീക്ക് ഇതിനു മുമ്പ് 2020, 2018 വർഷങ്ങളിൽ സ്പാർക്ക് റാങ്കിങ്ങിൽ മൂന്നാം സ്ഥാനവും 2019ൽ രണ്ടാം സ്ഥാനവും ലഭിച്ചിരുന്നു. പുരസ്കാര തുകയായി ലഭിച്ച 20 കോടി രൂപ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടത്തി വരുന്ന നഗരദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി വിനിയോഗിക്കും.

### മികവിൽ മിന്നി കുടുംബശ്രീ

സംസ്ഥാനത്ത് നഗരദരിദ്രരുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് 93 നഗരസഭകളുമായി സഹകരിച്ചുകൊണ്ടാണ് കുടുംബശ്രീയുടെ പദ്ധതി പ്രവർത്തനങ്ങൾ. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗരമേഖലയിൽ നടപ്പാക്കുന്ന പദ്ധതിയിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചതിനാണ് പുരസ്കാരം.

### സ്പാർക് റാങ്കിങ്ങിൽ കുടുംബശ്രീ ഒന്നാമതെത്തിയത് ഇങ്ങനെ

എൻ.യു.എൽ.എം പദ്ധതി പ്രകാരം ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേന്ദ്ര ഭവന നഗരകാര്യമന്ത്രാലയം പൊതുവായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം പദ്ധതിയിലെ ഓരോ ഉപഘടകത്തിന്റെ കീഴിലും കേന്ദ്ര മന്ത്രാ



ലയം നിർദേശിച്ചിട്ടുള്ള 2020-2021 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളും പുരോഗതിയും നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ കീഴിൽ രൂപീകരിച്ച മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തണം. തൊഴിൽ നൈപുണ്യ പരിശീലനം ലഭിച്ചവർ, തൊഴിൽ ലഭിച്ചവർ, പുതുതായി രൂപീകരിക്കേണ്ടതും രൂപീകരിച്ചതുമായ അയൽക്കൂട്ടങ്ങൾ, വിതരണം ചെയ്ത വിവിധ വായ്പകൾ, തിരിച്ചറിയൽ കാർഡ് ലഭ്യമാക്കിയ തെരുവു കച്ചവടക്കാർ, തെരുവോര കച്ചവടക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ആവശ്യമായ സംരംഭങ്ങൾ എന്നിവയുടെ എണ്ണം, ഓരോ ഘടകത്തിന്റെയും കീഴിലുള്ള ഫണ്ട് വിനിയോഗം, പദ്ധതിയിലെ നിർദേശ പ്രകാരം വിതരണം ചെയ്ത റിവോൾവിങ്ങ് ഫണ്ട് ഇങ്ങനെ വ്യത്യസ്തമായ നിരവധി പ്രവർത്തനങ്ങളും അവ സംബന്ധിച്ച പുരോഗതിയും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ കുടുംബശ്രീ രേഖപ്പെടുത്തിയിരുന്നു. ഇപ്രകാരം പദ്ധതി നടപ്പാക്കുന്ന രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പ്രവർത്തനങ്ങൾ വിശദമായി പരിശോധിച്ച ശേഷമാണ് മികവിന്റെ അടിസ്ഥാനത്തിൽ കേരളം ഒന്നാമതെത്തിയത്.

## നഗരദരിദ്രർക്ക് തുണയായി എൻ.യു.എൽ.എം പദ്ധതി

സാമൂഹ്യ ഉൾച്ചേർക്കൽ സാധ്യമാക്കിക്കൊണ്ട് നഗരദരിദ്രരുടെ ഭൗതിക ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചതിനുമാണ് അവാർഡ്. സ്വയം തൊഴിൽ പദ്ധതികൾ, അയൽക്കൂട്ടങ്ങളുടെയും ഗ്രൂപ്പുകളുടെയും സംഘടനാസംവിധാനം ശക്തിപ്പെടുത്തൽ, തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കൽ, തെരുവു കച്ചവടക്കാരുടെ ഉന്നമനം, നഗരദരിദ്രർക്ക് സുരക്ഷിത ഭവനമൊരുക്കൽ എന്നീ ഘടകങ്ങളാണ് അവാർഡിന് പരിഗണിച്ചത്.

**നഗരദാരിദ്ര്യ ലഘൂകരണവും നഗരദരിദ്രരുടെ ജീവിത പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് 2015ലാണ് കേരളത്തിൽ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി ആരംഭിച്ചത്**

## നഗരമേഖലയിൽ മാതൃകാപരമായ പദ്ധതി പ്രവർത്തനങ്ങൾ

നഗരദാരിദ്ര്യ ലഘൂകരണവും നഗരദരിദ്രരുടെ ജീവിത പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് 2015ലാണ് കേരളത്തിൽ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി ആരംഭി









ച്ചത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 93 നഗരസഭകളുമായി സഹകരിച്ചുകൊണ്ട് നഗരദാരിദ്ര്യ ലഘൂകരണത്തിന് നേതൃത്വം വഹിക്കുന്ന കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മുഖേന നഗരദരിദ്രരുടെ ജീവിതത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലും വരുമാനവും ലഭ്യമാക്കുന്നതോടൊപ്പം ഭൗതിക ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ നഗരദരിദ്രരുടെ സാമൂഹിക ജീവിത നിലവാരവും അന്തസും ഉയർത്താൻ കഴിഞ്ഞുവെന്നത് ഏറെ ശ്രദ്ധേയമാണ്.

**ദേശീയ നഗര ഉപജീവന ദൗത്യം**

കേരളത്തിലെ 93 നഗരങ്ങളിലെയും ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. 2015ലാണ് കേരളത്തിൽ പദ്ധതിക്ക് തുടക്കമിട്ടത്. നഗരദരിദ്രരുടെ ദാരിദ്ര്യ നിർമ്മാർജനവും അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിത പുരോഗതിയുമാണ് ലക്ഷ്യം. ഇപ്പോൾ 93 നഗരസഭകളുമായി സഹകരിച്ചുകൊണ്ട് പദ്ധതി മികച്ച രീതിയിൽ നടപ്പാക്കുന്നു.

## അയൽക്കൂട്ട സംവിധാനത്തെ ശക്തിപ്പെടുത്തലും സ്വയംതൊഴിൽ ലഭ്യമാക്കലും

പദ്ധതിയുടെ ഭാഗമായി 19,102 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. 37828 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതവും 3240 എ.ഡി.എസുകൾക്ക് 50,000 രൂപ വീതവും റിവോൾവിങ്ങ് ഫണ്ട് നൽകി. 13 നഗര ഉപജീവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. 21894 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും ഇതിൽ 10637 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. വരുമാന ലഭ്യത നേടിക്കൊടുക്കുന്നതിന്റെ ഭാഗമായി 4619 വ്യക്തിഗത സൂക്ഷ്മസംരംഭങ്ങളും 965 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചു.

## പദ്ധതിയുടെ ഭാഗമായി അയൽക്കൂട്ടങ്ങൾക്ക് സാമ്പത്തിക പിന്തുണയും

അയൽക്കൂട്ടങ്ങൾക്ക് മികച്ച രീതിയിൽ സാമ്പത്തിക പിന്തുണയും പദ്ധതിയുടെ ഭാഗമായി നൽകുന്നു. ഇതിന്റെ ഭാഗമായി 35,222 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പയും പലിശ സബ്സിഡിയും നൽകി. 27 ഷെൽട്ടർ ഹോമുകൾ പ്രവർത്തന സജ്ജമാക്കി. 25083 തെരുവു കച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്താൻ സാധിച്ചു. പി.എം സ്വാനിധി പദ്ധതി വഴി 11390 തെരുവു കച്ചവടക്കാർക്ക് വായ്പ ലഭ്യമാക്കി. ഇതുവരെ 14,692 തെരുവുകച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. □

# വാർത്തകൾ വിശേഷങ്ങൾ

## പതിനാലാം പഞ്ചവത്സരപദ്ധതി - 2020-23 വാർഷികപദ്ധതി - ഉത്തരവ് പുറപ്പെടുവിച്ചു

നവകേരളത്തിന് ജനകീയാസൂത്രണം – പതിനാലാം പഞ്ചവത്സര പദ്ധതി, 2020-23 വാർഷികപദ്ധതിയിലെ ആദ്യഘട്ടപ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.68/2022/ത.സ്വ.ഭ.വ തീയതി 23.03.2022

## വരൾച്ച ദുരിതാശ്വാസം - ഉത്തരവ് പുറപ്പെടുവിച്ചു

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.652/2022/ധന തീയതി 16.03.2022

## പങ്കാളിത്തപെൻഷൻ പദ്ധതി - സർക്കുലർ പുറപ്പെടുവിച്ചു

പാർട്ടൈം ജീവനക്കാർ/ അധ്യാപകർ എന്നിവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ബഹു ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർനമ്പർ 27/2022/ധന തീയതി 31.03.2022

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് പുറപ്പെടുവിച്ചു

കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് 2022 ലെ കേരള തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് ഓർഡിൻസ് വിജ്ഞാപനം ചെയ്തു.

നമ്പർ.5840/ലെഗ്.സി 1/2022/നിയമം തീയതി 31.03..2022

## വ്യാപാര വാണിജ്യസ്ഥാപനങ്ങളുടെ ലൈസൻസ് - ഉത്തരവ് പുറപ്പെടുവിച്ചു

സിനിമാ തീയേറ്ററുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ വ്യാപര വാണിജ്യസ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30.04.2022 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.827/2022/തസ്വഭവ തീയതി 01.04.2022

## പ്രോജക്ട് അസിസ്റ്റന്റുമാരുടെ നിയമനം ഉത്തരവ് പുറപ്പെടുവിച്ചു

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ത്രിതല പഞ്ചായത്തുകളിൽ നിയമനം ലഭിച്ചിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 2022 ഏപ്രിൽ 1 മുതൽ 1 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.814/2022/തസ്വഭവ തീയതി 31.03.2022

## സിഎച്ച്സി/ പി.എച്ച്.സി എന്നിവയ്ക്ക് ആവശ്യമായ മരുന്നു വാങ്ങൽ- ഉത്തരവ് പുറപ്പെടുവിച്ചു

കേരള മെഡിക്കൽസർവ്വീസ് കോർപ്പറേഷനിൽ നിന്നും ഔഷധങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാരുണ്യ, ജൻഔഷധി, സപ്ലൈകോ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നം .ഡി.എ1/93/2022 തീയതി 26.03.2022

.

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സർക്കുലർ പുറപ്പെടുവിച്ചു

സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കേണ്ട അപേക്ഷാ ഫോറങ്ങളിൽ രേഖപ്പെടുത്തുന്ന 'താഴ്മയായി അപേക്ഷിക്കുന്നു' എന്ന പദം പൂർണ്ണമായും ഒഴിവാക്കുന്നതിന് നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നം .25/എ.ആർ 13(2) /2022/ഉഭപവ തീയതി 22.03.2022

## സപ്ലൈകോ മാവേലിസ്റ്റോറുകളുടെ വാടക ഉത്തരവ് പുറപ്പെടുവിച്ചു

സപ്ലൈകോ മാവേലിസ്റ്റോറുകളുടെ വാടക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.587/2022/തസ്വഭവ തീയതി 10.03.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



*ക്യാമ്പിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ നിർവ്വഹിക്കുന്നു*

# കഥയെഴുത്തിന്റെ ലോകത്ത് കരുത്തോടെ

■ ആശ എസ്. പണിക്കർ

തെരഞ്ഞെടുത്ത കുടുംബശ്രീ വനിതകൾക്കായി കുടുംബശ്രീയും കേരള സാഹിത്യ അക്കാദമിയും കിലയും സംയുക്തമായി സംഘടിപ്പിച്ച ത്രിദിന സാഹിത്യ ശിൽപശാല 'സർഗം-2022' അനുഭവങ്ങളുടെ തീക്ഷ്ണതയും രചനയുടെ മൗലിക ഭാവങ്ങളും പകർന്നു കൊണ്ട് വേറിട്ട അനുഭവമായി. ജീവിതത്തിലെ എല്ലാ തിരക്കുകളിൽ നിന്നും മാറിനിന്നുകൊണ്ട് വീട്ടമ്മമാരായ 40 വനിതകൾ തങ്ങളുടെ മനസ്സിന്റെ ഏടുകളിൽ കോറിയിട്ട കഥകൾ ശിൽപശാലയിൽ അവതരിപ്പിച്ചുകൊണ്ട് സർഗശേഷിയുടെ പുതിയ ലോകത്തേക്ക് ചുവടുകൾ വച്ചു.

കുടുംബശ്രീ വനിതകളുടെ സാമൂഹികവും മാനസികവുമായ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ടാണ് 2022 മാർച്ച് 23, 24, 25 തീയതികളിൽ തൃശ്ശൂർ മുളങ്കുന്നത്തുകാവ് 'കില'യിൽ 'സർഗം-2022' സാഹിത്യ ശിൽപശാല സംഘടിപ്പിച്ചത്. കഥയുടെ ലോകത്തേക്ക് കടന്നുവരാനും തങ്ങളുടെ സാഹിത്യവാസനകളെ പരിപോഷിപ്പിക്കുന്നതിനുള്ള ഊർജ്ജം കണ്ടെത്തുന്നതിനുമുള്ള ഉത്സാഹം ശിൽപശാലയുടെ മൂന്നു ദിനങ്ങളിലും അവർ ഓരോരുത്തരിലും പ്രകടമായിരുന്നു.

കഥയും കവിതയും എഴുതാൻ കഴിവുള്ള നൂറു കണക്കിന് സ്ത്രീകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലുണ്ട്. എന്നാൽ ജീവിത സാഹചര്യങ്ങൾ മൂലം അവരിൽ പലർക്കും തങ്ങളുടെ സാഹിത്യവാസനകളെ പരിപോഷിപ്പിക്കാൻ കഴിയുന്നില്ല. ഇങ്ങനെ സർഗശേഷിയുണ്ടായിട്ടും അത് വളർത്തിയെടുക്കാനുള്ള അവസരം ലഭിക്കാത്ത നിരവധി



*സർഗം-2022 കുടുംബശ്രീ സാഹിത്യ ശിൽപശാല കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പ്രൊഫ. കെ. സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു*

സ്ത്രീകൾ അയൽക്കൂട്ടങ്ങളിലുണ്ട് എന്ന തിരിച്ചറിഞ്ഞതിനെ തുടർന്നായിരുന്നു 'സർഗം-2022' സംസ്ഥാനതല കഥാരചന മത്സരം നടത്താനുള്ള കുടുംബശ്രീയുടെ തീരുമാനം. ആവേശകരമായ പ്രതികരണമാണ് മത്സരത്തിന് ലഭിച്ചത്. ആയിരത്തി മുന്നൂറിലേറെ രചനകളാണ് ലഭിച്ചത്. കഥാരചന മത്സരത്തിൽ മികച്ച രചനകൾ അയച്ച 60 പേരെ തിരഞ്ഞെടുക്കുകയും അവരിൽ നിന്നും അന്തിമമായി ശിൽപശാലയിൽ പങ്കെടുക്കാനുള്ള നാൽപത് വനിതകളെ കണ്ടെത്തുകയുമായിരുന്നു.

## സർഗവാസനകളെ നിലനിർത്താനുള്ള ശ്രമം

### *സ്ത്രീശാക്തീകരണത്തിന്റെ ഭാഗം:*
**പ്രൊഫ.കെ. സച്ചിദാനന്ദൻ**

കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പ്രൊഫ. കെ.സച്ചിദാനന്ദനാണ് സർഗം-2022 സാഹിത്യശിൽപശാല ഉദ്ഘാടനം ചെയ്തത്. സ്ത്രീ അബലയല്ല എന്ന ബോധ്യപ്പെടുന്നിടത്തു നിന്നുമാണ് സ്ത്രീശാക്തീകരണം തുടങ്ങുന്നതെന്നും സർഗവാസനകളെ നിലനിർത്താനുള്ള ശ്രമങ്ങൾ അതിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീകൾക്ക് വിവാഹശേഷം കലാഭിരുചികൾ ഇല്ലാതെയാകുന്നതിന്റെ കാരണം കുടുംബവും അതോടൊപ്പം സ്ത്രീകൾ തന്നെ നിർവ്വഹിക്കണമെന്ന് സമൂഹം പറയുന്ന ചുമതലകളുമാണ്. കുടുംബത്തിലെ ഒട്ടേറെ ചുമതലകൾ നിർവ്വഹിക്കാൻ മുതിർന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവരിൽ നിന്നും ഓരോ പെൺകുട്ടിയും ചെറുപ്പം മുതൽ പരിശീലിപ്പിക്കപ്പെടുന്നു. സാഹിത്യ മേഖലയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് നിരീക്ഷണം, വാസന, പ്രചോദനം, പ്രയത്നം എന്നിവ ഉണ്ടാകണം. ഇതെല്ലാം ചേരുമ്പോഴാണ് ഉത്തമ സാഹിത്യം ഉണ്ടാവുന്നത്. സർഗശേഷി കണ്ടെത്താനും അത് നിലനിർത്തിക്കൊണ്ടു പോവാനുമുള്ള ബോധപൂർവമായ പരിശ്രമങ്ങൾ ശാക്തീകരണത്തിലേക്കുള്ള വഴിയാണ്. അതുകൊണ്ടാണ് സർഗം പോലുള്ള ശിൽപശാലകൾ സ്ത്രീശാക്തീകരണത്തിന്റെ പുതിയ മാനങ്ങൾ തുറക്കുന്നത്, കുടുംബശ്രീ വനിതകൾക്കായി ഇത്തരമൊരു ഉദ്യമത്തിന് തുടക്കമിട്ട കുടുംബശ്രീയെ അഭിനന്ദിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കുടുംബശ്രീ ഡയറക്ടർ ആശാ വർഗീസ് സ്വാഗതം പറഞ്ഞു. കേരള സാഹിത്യ അക്കാദമി പ്രഫ.സി.പി അബൂബക്കർ മുഖ്യ പ്രഭാഷണം നടത്തി. കില അർബൻ സീനിയർ ഫാക്കൽറ്റി ഡോ.രാജേഷ് കെ, ജില്ലാ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ ശ്രുതി എ.എസ് എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഇൻ ചാർജ് രാധാകൃഷ്ണൻ.കെ നന്ദി പറഞ്ഞു. തുടർന്ന് 'സർഗാത്മകതയുടെ ഭാവനാലോകം' എന്ന വിഷയത്തിൽ ശിഹാബുദ്ദീൻ പൊയ്ത്തുകടവ്, 'പുതുകാല സാഹിത്യം: അനുഭവവും രാഷ്ട്രീയവും' എന്ന വിഷയത്തിൽ ദീപാ നിശാന്ത്, മജീദ് സെയ്ദ്, അശ്വിനി ആർ. ജീവൻ എന്നിവർ കുടുംബശ്രീ വനിതകളോട് സംവദിച്ചു. 'എഴുത്ത്: ദേശവും സംസ്കാരവും' എന്ന വിഷയത്തിൽ ലിസ്സി, അബിൻ ജോസഫ്, ഇ.സന്ധ്യ എന്നിവരും, 'നിരൂപണത്തിലെ സ്ത്രീപക്ഷ ചിന്തകൾ,' 'സഞ്ചാരസാഹിത്യത്തിലെ പെൺമ' എന്നീ വിഷയങ്ങളിൽ എൻ.ജി നയനതാര സംവദിച്ചു.

മാർച്ച് 24 ന് എഴുത്തിന്റെ രസതന്ത്രം, സാഹിത്യത്തിന്റെ വിചാരഭാഷ, സ്ത്രീയും അനുഭവമെഴുത്തും: ആഖ്യാനത്തിലെ നവപരിപ്രേക്ഷ്യം, ഭാവനയുടെ സ്വാതന്ത്ര്യം സാഹിത്യത്തിൽ, പെണ്ണെഴുത്തിന്റെ പൊരുൾ, എന്നീ വിഷയങ്ങളിൽ യഥാക്രമം കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചെരുവിൽ, പി.രാമൻ, ഡോ.ഖദീജ മുംതാസ്, പ്രഫ.എം.എം നാരായണൻ, എച്ച്മുക്കുട്ടി, ഡോ.ഡി ഷീല, സി.എസ് ചന്ദ്രിക, ലോപ.ആർ, അനു പാപ്പച്ചൻ, ലിജിഷ.എ.ടി എന്നിവരും മാർച്ച് 25ന് എഴുത്ത്, പ്രകൃതി, പ്രതിരോധം, സമകാലിക

## 'സർഗം-2022' സാഹിത്യ ശിൽപശാല: ലക്ഷ്യങ്ങൾ

സാഹിത്യമേഖലയിലും കലാരംഗത്തും കഴിവുകളുള്ള ധാരാളം സ്ത്രീകൾ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലുണ്ട്. എന്നാൽ ജീവിത സാഹചര്യങ്ങൾ കാരണം അവരിൽ പലർക്കും തങ്ങളുടെ കലാ സാഹിത്യ മേഖലകളിലെ കഴിവുകൾ വളർത്താനുള്ള അവസരം ലഭിക്കാതെ പോകുന്നു. അങ്ങനെയുള്ള സ്ത്രീകളുടെ സർഗ്ഗാത്മകമായ കഴിവുകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുക എന്നതാണ് ത്രിദിന ശിൽപശാലയിലൂടെ ലക്ഷ്യമിട്ടത്. കുടുംബശ്രീ അംഗങ്ങൾക്ക് കലാ സാഹിത്യ മേഖലയിലെ പ്രമുഖ വ്യക്തികളെ പരിചയപ്പെടുന്നതിനും അവരുമായി ആശയ സംവാദങ്ങളിൽ ഏർപ്പെടുന്നതിനും ഒരു ക്രിയാത്മക വേദിയൊരുക്കാൻ സർഗം-2022 ശിൽപശാലയിലൂടെ സാധിച്ചു. എഴുത്തിന്റെ മേഖലയിൽ നൂതനമായ ആശയങ്ങളും അറിവുകളും നേടാനും കുടുംബശ്രീയുടെ പെൺകൂട്ടായ്മയ്ക്ക് കഴിഞ്ഞുവെന്നത് ശിൽപശാലയുടെ നേട്ടമാണ്.



*കവിയും അധ്യാപകനുമായ പി. രാമൻ ശിൽപശാല നയിക്കുന്നു*



*എഴുത്തുകാരി ഡോ.ഖദീജ മുംതാസ് സാഹിത്യ ശിൽപശാല നയിക്കുന്നു*




*സമാപന സമ്മേളനം സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

കഥയിലെ ഭാവുകത്വപരിണാമം എന്നീ വിഷയങ്ങളിൽ പ്രവീൺ ചന്ദ്രൻ, രാഹുൽ രാധാകൃഷ്ണൻ, ജീവൻ ജോബ് തോമസ് എന്നിവർ സംവദിച്ചു. ശിൽപശാലയിൽ സാഹിത്യത്തിലെ വിവിധ മേഖലകളെ സംബന്ധിച്ച് നിരവധി പ്രമുഖർ നയിച്ച ക്ലാസുകളിൽ തങ്ങൾ കഥാരംഗത്തേക്ക് കടന്നു വന്ന വഴികളെ കുറിച്ചുള്ള കുടുംബശ്രീ വനിതകളുടെ വിവരണം അതിജീവനത്തിന്റെ മറ്റൊരു ദൃശ്യമായി. ശിൽപശാലയിൽ നിന്നു ലഭിച്ച എഴുത്തിന്റെ പുതുരസതന്ത്രങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് മനോഹരമായ ചെറുകഥകൾ രചിച്ചു നൽകാനും പെൺകൂട്ടായ്മയ്ക്ക് കഴിഞ്ഞു.

സമാപനസമ്മേളനം സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ ഉദ്ഘാടനം ചെയ്തു. ശിൽപശാലയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അദ്ദേഹം നിർവ്വഹിച്ചു. കില ഡയറക്ടർ ജോയ് ഇളമൺ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ പബ്ലിക് റിലേഷൻസ് ഓഫീസർ മൈന ഉമൈബാൻ ശിൽപശാലയുടെ അവലോകനം നടത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ രാധാകൃഷ്ണൻ കെ സ്വാഗതവും കേരള സാഹിത്യ അക്കാദമി പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ.എസ് സുനിൽ കുമാർ നന്ദിയും പറഞ്ഞു. ☐

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*



# വർക്കല

■ ഡോ. വിളക്കുടി രാജേന്ദ്രൻ

തിരുവനന്തപുരം ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുൻസിപ്പൽ നഗരവും. 28-5-2013 നാണ് വർക്കലയ്ക്കു താലൂക്കുപദവി ലഭിച്ചത്. അതിനുമുമ്പ് ചിറയിൻകീഴ് താലൂക്കിന്റെ ഭാഗമായിരുന്നു. വർക്കല ജനാർദ്ദനസ്വാമിക്ഷേത്രം പ്രസിദ്ധം. ശ്രീനാരായണഗുരുദേവന്റെ സമാധിസ്ഥലമായ 'ശിവഗിരി' വർക്കലയെ ലോകപ്രശസ്തമാക്കിയിരിക്കുന്നു. പ്രമുഖ സുഖവാസകേന്ദ്രവും വിനോദസഞ്ചാരകേന്ദ്രവുമായ വർക്കല തിരുവനന്തപുരത്തു നിന്ന് 41 കി.മീ.വടക്കായി സ്ഥിതി ചെയ്യുന്നു. (റോഡ് ദൂരം 51 കി.മീ.) ശിവഗിരിയുടെ പ്രാധാന്യം കണക്കിലെടുത്ത് 'വർക്കല ശിവഗിരി' എന്നാണ് ഇവിടത്തെ റെയിൽവേ സ്റ്റേഷനു നൽകിയിരിക്കുന്ന പേര്. ഭാരതത്തിലെ മുഖ്യവൈഷ്ണവ തീർഥാടനകേന്ദ്രങ്ങളിലൊന്നാണ് വർക്കല ജനാർദനസ്വാമി ക്ഷേത്രം. ഇതുമൂലം ജനാർദ്ദനം, ദക്ഷിണകാശി, അപര നാമധേയങ്ങളും ഈ സ്ഥലത്തിനു ലഭിച്ചിട്ടുണ്ട്. കടൽത്തീരത്താണ് ക്ഷേത്രം. ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുള്ള ഡച്ച മണിക്ക് ചരിത്രപ്രാധാന്യം. വർക്കല കടലോരം ബലികർമങ്ങൾക്കു പ്രസിദ്ധമാണ്. പുണ്യതീർഥങ്ങൾ ഉറവയെടുക്കുന്ന ഈ കടലോരം പാപനാശം എന്നാണ് അറിയപ്പെടുന്നത്. ശ്രീനാരായണഗുരുദേവന്റെ സമാധിസ്ഥലമായ ശിവഗിരി ലോകപ്രശസ്തമാണ്. സമാധിമന്ദിരമുണ്ട്. കണ്വമുനി തപസ്സനുഷ്ഠിച്ച എന്നു വിശ്വസിക്കപ്പെടുന്ന കണ്വാശ്രമവും പ്രസിദ്ധമാണ്. ബ്രിട്ടീഷ് ഭരണകാലത്തു നിർമ്മിച്ച വർക്കല തുരങ്കം ജലഗതാഗതം എളുപ്പമാക്കി. പെരിപ്ലസുകാരൻ സൂചിപ്പിക്കുന്ന ബലിറ്റ (ബലിത) വർക്കലയാണെന്ന് അഭിപ്രായമുണ്ട്. ഉദയമാർത്താണ്ഡപുരം എന്നും പേരുണ്ടായിരുന്നു.സ്ഥലനാമപ്പിറവി: നാരദമുനിയുടെ വൽക്കലം (മരവുരി) വന്നുവീണ സ്ഥലം വൽക്കലവും പിന്നീട് വർക്കലയുമായെന്ന് ഐതിഹ്യം. 'വൽക്കല' എന്നാണ് ഉണ്ണുനീലിസന്ദേശ പരാമർശം. (വന്ദിക്കേണം വരഗുണനിധേ വൽക്കലത്തമ്പിരാനേ). ഇതു കഥ. യഥാർഥത്തിൽ ഈ പേര് എങ്ങനെയുണ്ടായി? വക്ക്+അല എന്നീ പദങ്ങൾ ചേർന്നാവണം വർക്കല ഉണ്ടായത്. വക്ക് = തീരം, അല = സമുദ്രത്തിലെ തിര. സമുദ്രതീര പ്രദേശം എന്നർഥം. ഉച്ചാരണത്തിൽ രേഫം കൂടി ചേർന്ന വർക്കലയായി. വർക്കലയ്ക്കടുത്ത 'വക്ക'ത്തിന്റെ കാര്യം ഇവിടെ ഓർക്കാം. കടലിന്റെ വക്ക്, തീരം എന്ന അർഥത്തിലാണ് 'വക്കം' പിറന്നത്. 'വക്കല'യിലെ വക്കും കടൽത്തീരമാണല്ലോ. ഒരുകാലത്ത് വേണാടിന്റെ വ്യാപ്തി തക്കല മുതൽ വർക്കല വരെയായിരുന്നു. തെക്ക് എല്ലെ തക്കലയും വടക്ക് എല്ലെ വർക്കലയുമായി എന്നാണ് മറ്റൊരു അഭിപ്രായം. എല്ലെ = എല്പക, അതിര്. 'ഉവർക്കര'യാണ് വർക്കലയായി മാറിയതെന്ന് സ്ഥലഗവേഷകനായ പ്രൊഫ.പി.എ.രാമചന്ദ്രൻനായർ (സ്ഥലനാമകൗതുകം) പറയുന്നു. ഉവർ = സമുദ്രം. കാലാന്തരത്തിൽ ഉ എന്ന സ്വരം ലോപിച്ച് വർക്കരയും, വർക്കലയുമായത്രെ. □

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

# മലയാള പദാവലിയും ലിപിവിന്യാസവും

■ **ഡോ. എഴുമറ്റൂർ രാജരാജവർമ്മ**



ഇതരഭാഷാപദങ്ങളുടെ സ്വീകാരത്തിനു സദാസന്നദ്ധമായിരുന്നു മലയാള ഭാഷ എന്ന് ചരിത്രം പറയുന്നു. പൂർവ മലയാള തമിഴ് ഭാഷാപദങ്ങളെപ്പറ്റിയും സംസ്കൃതഭാഷാപദങ്ങളുടെ സ്വാധീനം കൊണ്ട് മലയാളം സ്വതന്ത്രമായതിനെപ്പറ്റിയും ഏകദേശമായി നാം കണ്ടുകഴിഞ്ഞു. വാണിജ്യവ്യാപാരബന്ധങ്ങൾ, സഞ്ചാരങ്ങൾ തുടങ്ങി വിവിധ ഘടകങ്ങളുണ്ട് ഭാഷാപദങ്ങളുടെ കൊടുക്കൽ വാങ്ങലിന് ഇംഗ്ലീഷിനെപ്പോലെ ചെറിയ കാലംകൊണ്ട് കൂടുതൽ അന്യഭാഷാപദങ്ങൾ സ്വീകരിച്ചു വളർന്ന ഭാഷയാണ് മലയാളവും. ആകാശം, വായു, സമുദ്രം, ജലം, മുഖം തുടങ്ങി അസംഖ്യം പദങ്ങൾ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചു. ശരാശരി, കച്ചേരി, തുവാല, കാർ, ഗിയർ, പോലീസ്, കത്ത് തുടങ്ങി മലയാളത്തിൽ ഇന്ന് ഉപയോഗിക്കുന്ന എത്രകണ്ടു പദങ്ങളാണ് മറ്റുഭാഷകളിൽനിന്നും വന്നിട്ടുള്ളത്. ഡോ. കെ. ഗോദവർമ്മ ലണ്ടൻ സർവ്വകലാശാലയിൽ 1933 -ൽ പി.എച്ച്.ഡി. ബിരുദത്തിനായി സമർപ്പിച്ച 'ഇന്തോ- ആര്യൻ വോൺവേഡ്സ് ഓഫ് മലയാളം' എന്ന പ്രബന്ധമാണ് മലയാളത്തിലെ പരകീയ പദങ്ങളെക്കുറിച്ചുള്ള ആദ്യപഠനം. പി.എം. ജോസഫിന്റെ 'പരകീയ പദങ്ങൾ' (1984) ഈ രംഗത്തെ എടുത്തുപറയേണ്ട മറ്റൊരു ഗ്രന്ഥമാകുന്നു.

ചില അന്യഭാഷാപദങ്ങൾ പറയാം. വട്ടം (വട്ടം), സേണി (ഏണി), സംകലാ (ചങ്ങല), ദവി (തവി), മനുഷ്യന (മനുഷ്യൻ) എന്നിവ പ്രാകൃതപദങ്ങളാണ്. കാക (കാക്ക), ബാല (ബാലൻ), ധാഢി (താടി), ഗർഭവതി (ഗർഭിണി), ലൊകഹ (ലോകം) തുടങ്ങി നിരവധി പദങ്ങളുണ്ട് സംസ്കൃതത്തിൽ നിന്നു സ്വീകരിച്ചവ. ഹിന്ദിയിൽനിന്നു സ്വീകരിച്ച പദങ്ങളിലുൾപ്പെടുന്നവയാണ് ഗംജ (കഞ്ചാവ്), പടാക (പടക്കം), ലാഥി (ലാത്തി), ടോപി (തൊപ്പി) തുടങ്ങിയവ. തപാൽ (തപാൽ), ഡംഭ (ഡംഭ്), ചട്ടണി (ചട്ണി), പംഘാ (പങ്ക) തുടങ്ങി അനേകം പദങ്ങൾ മറാത്തിയിൽനിന്നും സ്വീകരിച്ചു. ശുമാർ (സുമാർ), തമാശ് (തമാശ), ശിക്കാർ (ശിക്കാർ) തുടങ്ങിയവ പേഴ്സ്യൻ പദങ്ങളാണ്. ഹീബ്രു പദങ്ങളും അനവധിയുണ്ട്. ആദാം (ആദം), യഹോആ (യഹോവ), ആമ്മേൻ (ആമേൻ), അല്ലേലൂയ (അല്ലേയൂയ) തുടങ്ങി അബ്ബന (ഒപ്പന), സെയിത്താൻ (ചെകുത്താൻ),




സൂഫി (സൂഫി), ഈഗലാബ് (ഈങ്ക്വിലാബ്) തുടങ്ങിയവ അറബിക് പദങ്ങളാകുന്നു. സിറിയക് പദങ്ങളും ഒട്ടേറെയുണ്ട്. കബാർ (കപ്യാർ), യേശു (യേശു), മാലാക (മാലാഖ), സാത്താനാ (സാത്താൻ) തുടങ്ങി. മെസ (മേശ), പദ്രെ (പാതിരി), ക്രൂസ് (കുരിശ്), അലമാര്യൊ (അലമാര) തുടങ്ങി അനേകം പദങ്ങൾ പോർച്ചുഗീസിൽനിന്നു വന്നു. ലെക്സിക്കൻ (ലെക്സിക്കൺ), ബിബ്ലോസ് (ബൈബിൾ), അറ്റൊമൊസ് (ആറ്റം) തുടങ്ങിയവ ഗ്രീക്കുപദങ്ങളാണ്. പൗപ്പർ (പാപ്പര്), സിര്കസ് (സർക്കസ്), ബൊനും (ബോണസ്) തുടങ്ങിയവ ലാറ്റിൻ പദങ്ങളാകുന്നു. ബാങ്ക് (ബാങ്ക്), ബെഞ്ച് (ബെഞ്ച്), കോഫീ (കാപ്പി) തുടങ്ങി നൂറുകണക്കിന് പദങ്ങൾ ഇംഗ്ലീഷിൽനിന്നു സ്വീകരിച്ചു. മാറ്റമില്ലാതെ സ്വീകരിക്കുന്ന പദങ്ങളെ തത്സമം എന്നും മാറ്റം വരുത്തി സ്വീകരിക്കുന്നവയെ തത്ഭവം എന്നും പറയുന്നു.

ഔദ്യോഗികഭാഷയിലെ പദം സ്വീകാരനയം അറിയേണ്ടതുണ്ട്. സമാനപദങ്ങൾ ഇല്ലാത്ത ഘട്ടത്തിൽ അന്യഭാഷാപദങ്ങൾ പരിഷ്കരിച്ചോ പരിഷ്കരിക്കാതെയോ സ്വീകരിക്കും. സ്വീകരിച്ചു കഴിഞ്ഞ പദങ്ങൾ മലയാളലിപിയിൽ എഴുതുക എന്നതാണ് ആ നയം. അതുപോലെ തന്നെ ഔദ്യോഗികഭാഷയിൽ അംഗീകരിക്കപ്പെടുന്ന നിലവാരമുള്ള ഭാഷയാണ് മാനകഭാഷ. 'സെക്രട്ടറിയേറ്റ് നട പിക്കറ്റു ചെയ്ത ഹെൽത്ത് ഇൻസ്പെക്ടർമാരെ പോലീസ് അറസ്റ്റുചെയ്ത് ജീപ്പിൽ കയറ്റി എസ്.എ.പി. ക്യാമ്പിൽ കൊണ്ടുചെന്നുവിട്ടു.' എന്ന വാക്യം എഴുതുമ്പോൾ എത്രയോ ഭാഷകളിൽനിന്ന് പദങ്ങൾ നാം സ്വീകരിച്ചു. പദമല്ല പ്രശ്നം, ഭാഷയാണ്. മലയാളപദസമൂഹത്തിൽ ചേർത്തു കഴിഞ്ഞ പദങ്ങളെല്ലാം മലയാളമാണ്. 'ഈവനിങ് ഹോസ്പിറ്റലിൽ പോണം, വൈഫിനെ അഡ്മിറ്റ് ചെയ്തിരിക്കുന്നു' എന്ന മട്ടിൽ ഭാഷ ഉപയോഗിക്കാതിരിക്കുക. അന്യഭാഷാപദങ്ങൾ സ്വീകരിക്കുന്ന പ്രവണതയെക്കുറിച്ച് പഠിച്ച ഡോ. എസ്. പ്രേമ പറയുന്നത്, അന്യഭാഷകളിൽ നിന്ന് നാമപദങ്ങളാണ് ഏറ്റവും കൂടുതൽ സ്വീകരിക്കുന്നത് എന്നാണ്. തുടർന്ന് അവരോഹണക്രമത്തിൽ ക്രിയ, നാമ വിശേഷണം, ക്രിയ, വിശേഷണം, ഗതി, വ്യാക്ഷേപകം എന്നിവയും സ്വീകരിക്കുന്നു.

**മലയാളം എഴുത്ത്, മലയാളം പഠിച്ചവർക്കുപോലും പ്രശ്നമാണ്. ലിപിവിന്യാസത്തെപ്പറ്റിയുള്ള വ്യക്തമായ ധാരണയില്ലായ്മയാണ് ഈ പ്രശ്നം സൃഷ്ടിക്കുന്നത്. ലിപിവിന്യാസത്തിലെ അവ്യവസ്ഥ ഇന്ന് സർവ്വസാധാരണമാണ്.**



മലയാളം എഴുത്ത്, മലയാളം പഠിച്ചവർക്കുപോലും പ്രശ്നമാണ്. ലിപിവിന്യാസത്തെപ്പറ്റിയുള്ള വ്യക്തമായ ധാരണയില്ലായ്മയാണ് ഈ പ്രശ്നം സൃഷ്ടിക്കുന്നത്. ലിപിവിന്യാസത്തിലെ അവ്യവസ്ഥ ഇന്ന് സർവ്വസാധാരണമാണ്. ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ള അദ്ധ്യക്ഷനായി 1967ൽ നിയമിതമായ കമ്മിറ്റിയും ഡോ. എൻ.വി. കൃഷ്ണവാര്യർ അദ്ധ്യക്ഷനായി 1969 ൽ നിയമിതമായ കമ്മിറ്റിയും സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാർ 1971 മാർച്ച് 23 ന് പുറപ്പെടുവിച്ച സ.ഉ (അച്ചടിച്ചത്) 31/71/വിദ്യാഭ്യാസം. □



# നെല്ലുകുത്ത് നിലച്ച നെല്ലുകുത്ത് മില്ലുകൾ

■ മുരളീധരൻ തഴക്കര

പഴയകാലത്തേയ്ക്ക് യാത്ര ചെയ്യുക സുഖമാണ്, ഓർമ്മകളുടെ ശീതളച്ഛായ എന്ന് പറയാം. കുന്നുകൾ നിലംപരിശാക്കാനും, പാതാളത്തോളം താഴ്ചയിൽ നിന്ന് മണ്ണു മുഴുവൻ തോണ്ടിയെടുക്കുവാനും തലങ്ങും വിലങ്ങും യന്ത്രഭീമന്മാർ നിരത്തിലിറങ്ങുന്നതിന് മുമ്പുള്ള കാലം, നാട്ടിടവഴികളിൽ ഒരു കാറു വന്നു നിന്നാൽ പഞ്ചായത്തിലെ മുഴുവൻ കുട്ടികളും ഓടിക്കൂടിയിരുന്ന കാലം. ആകെ ഗ്രാമത്തെ ചലനാത്മകമാക്കിയിരുന്ന യന്ത്രം- അഥവാ യന്ത്രശാല എന്ന് പറയാവുന്നത് നെല്ലുകുത്തുമില്ലുകളായിരുന്നു. കാഴ്ചയിലെ അത്ഭുതമായി റൈസ് മില്ലുകൾ ഗ്രാമങ്ങളിൽ പ്രവർത്തിച്ചു. നെല്ലു കുത്തിക്കാൻ പോകാൻ ഏറെ ഉത്സാഹമായിരുന്നു. ഒരിടത്ത് നെല്ലിട്ടാൽ മറ്റേയറ്റത്ത് അരിയായി വരുന്നത് കാണാനുള്ള കൗതുകമായിരുന്നു, വലിയ ബെൽറ്റുകളിൽ കറങ്ങുന്ന വലുതും ചെറുതുമായ ചക്രങ്ങൾ ഉണ്ടാക്കുന്ന ഒച്ച സംഗീതമായി തോന്നിയ കാലം. മില്ലുടമകൾ നാട്ടിൽ ആദരണീയരും മില്ലുകാരൻ എന്നത് ഒരു സ്ഥാനപ്പേരായും മാറി. മില്ലുകാരൻ ചെല്ലപ്പൻപിള്ള മില്ലിലെ ജോയി എന്നിങ്ങനെ ഓരോയിടത്തും ഓരോ പേരിൽ മില്ല് അടയാളപ്പെടുത്താം. അരിയും ഗോതമ്പും പൊടിക്കുക എന്നത് മറ്റൊരാവശ്യം. അരിയും ഗോതമ്പും പൊടിഞ്ഞു വീഴുന്നതും, അവസാനം തുണികൊണ്ടുള്ള സഞ്ചിയിൽനിന്നും പൊടിയെല്ലാം തട്ടി ഇടുന്നതുവരെ അത് തട്ടി കുടഞ്ഞുകൊണ്ടേയിരിക്കും.യന്ത്രമില്ലുകളുടെ വരവോടുകൂടി ഉരൽപ്പുരക്കാരികളായ സ്ത്രീകൾക്ക് മോചനമായി ഒപ്പം അവരുടെ വംശം അന്യം നിൽക്കുകയും ചെയ്തു.

നെൽകൃഷിയും കൊയ്ത്തും മെതിയും നെല്ലു പുഴുങ്ങിക്കുത്തും മര ഉരലിലും കല്ലുരലിലുമിട്ട് നെല്ല കുത്തി അരിയാക്കുന്നതുമെല്ലാം ഒരു കാലത്ത് കേരളീയ ജീവിതത്തിന്റെ അനിർവാര്യതയായിരുന്നു. മലയാളിയുടെ നിത്യജീവിതവുമായി ഇഴചേർന്ന ഒരു താളമുണ്ടായിരുന്നു, ഇതിനൊക്കെയും.

ഓണാട്ടുകരയിലെ എന്റെ ഗ്രാമമായ തഴക്കരയിൽ ഏതാണ്ട് അരനൂറ്റാണ്ട് മുമ്പ് ഏറെ ആഘോഷപൂർവം നടന്ന ഒരു നെല്ലുകുത്ത് മില്ലിന്റെ ഉദ്ഘാടനം ഇന്നും ഓർമ്മയിൽ ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം പോലെ ബാക്കിനിൽക്കുന്നു. നൂറുകണക്കിന് ഗ്രാമീണർ ഒത്തുകൂടിയ ഒരു ചടങ്ങ്. ബി.ഡി.സി ചെയർമാനും തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായിരുന്ന എ.ഇ. രാമചന്ദ്രക്കുറുപ്പിന്റെ ഉദ്ഘാടനപ്രസംഗം. നെല്ലു കുത്തുമില്ലുകൾ യഥാർത്ഥത്തിൽ ഗ്രാമങ്ങളിലേക്കുള്ള യന്ത്രങ്ങളുടെ അധിനിവേശത്തിന്റെ തുടക്കമായിരുന്നു. നാട്ടിലെ സാമ്പത്തികഭദ്രതയുള്ള വ്യക്തികൾ സംരംഭകരായി മാറുകയും നെല്ലുകുത്തുമില്ലുകൾ സ്ഥാപിക്കുയും ചെയ്തു. ഹള്ളറുകളും മോട്ടോ

റുകളും ഇവയെ ബന്ധിപ്പിക്കുന്ന ബെൽറ്റുകളും വലിപ്പമേറിയ സ്വിച്ചുകളുമെല്ലാം ഉൾനാടൻഗ്രാമങ്ങളിലെ വ്യവസായവിപ്ലവത്തിന്റെ സാക്ഷ്യങ്ങളായി. നെല്ലുകുത്തുമില്ലുകളുടെ ശബ്ദം പഴയ ഗ്രാമീണജീവിതത്തിലേക്ക് ഇരമ്പിയെത്തിയ യന്ത്രവൽക്കരണത്തിന്റെ മുരളിച്ചയും മുഴക്കവുമായിരുന്നു.

പണ്ട് നെല്ലുകുത്തിയും അരിപൊടിച്ചും കൊടുക്കപ്പെടുമെന്ന് നെല്ലുകുത്തുമില്ലുകളുടെ മുന്നിൽ എഴുതി പ്രദർശിപ്പിച്ചിരുന്നു. എന്നാൽ അരിയും ഉഴുന്നും അരയ്ക്കുന്നതും, മുളകും മല്ലിയും മഞ്ഞളും പൊടിയ്ക്കുന്നതുമടക്കം എല്ലാവിധ ജോലികളും മില്ലുകളിൽ തന്നെയായി. ആദ്യകാലങ്ങളിൽ ഹോട്ടലുകളായിരുന്നു ഇതിന്റെ പ്രധാന ഉപഭോക്താക്കൾ. എന്നാൽ ശാരീരിക അധ്വാനം ആവശ്യമായ പണികളിൽ നിന്നും എങ്ങനെയും ഒഴിഞ്ഞു മാറുന്ന മലയാളി നെല്ലുകുത്തും പൊടിക്കലും അരയ്ക്കലുമെല്ലാം പൂർണമായും മില്ലുകളിലാക്കി! ദേഹത്ത് ഉറുമ്പ് കടിച്ചാൽ അതിനെ ഊത്തികളയുവാൻ ബംഗാളിയെ കിട്ടുമോ എന്ന് അന്വേഷിക്കുന്നത്ര 'അലസത' ഒരു രോഗം കണക്കേ കേരളീയരെ ഗ്രസിച്ചിരിക്കുന്നതിനാൽ മണ്ണിൽ നിന്ന് കാലുവലിക്കുകയും കൃഷിയിൽ നിന്ന് അകന്നുമാറുകയും ചെയ്തപ്പോൾ മില്ലുകളിൽ നെല്ലുകുത്ത് ഇല്ലാതെയായി. അതാണ് സത്യം!

മാത്രമല്ല വിവിധ ബ്രാൻഡുകളിൽ ഇപ്പോൾ പായ്ക്കറ്റിൽ നിറച്ചെത്തുന്ന അരി എവിടെയും സുലഭം. വിതയ്ക്കുകയും കൊയ്യുകയും വേണ്ട, പഴയകാലത്തെപ്പോലെ പുഴുങ്ങി ഉണക്കി എടുക്കേണ്ടാ, പാറ്റി കൊഴിക്കയും വേണ്ട. അരച്ച് പതപ്പിച്ചെടുത്ത ഇഡ്ഡലിമാവും ദോശമാവും പായ്ക്കറ്റുകളിൽ എപ്പോഴും സുലഭം. മുളകുപൊടിയും മല്ലിപ്പൊടിയും കറിമസാലക്കൂട്ടുകളും വിവിധ ബ്രാൻഡിൽ സാർവ്വത്രികം. എന്തിനേറെ നമുക്കാവശ്യമായ എന്ത് ഭക്ഷണവും ഓൺലൈനിൽ ബുക്ക് ചെയ്താൽ നിമിഷങ്ങൾക്കകം മോട്ടോർ ബൈക്കിൽ ചുറുചുറുക്കുള്ള ചെറുപ്പക്കാർ നല്ല ചൂടോടെ വീട്ടുമുറ്റത്തെത്തിക്കുന്നു! ജീവിതം മൊത്തമായും ചില്ലറയായും ഓൺലൈനിലായ കാലമാണല്ലോയിത്, പിന്നെന്തിന് മണ്ണിലിറങ്ങണം? കൃഷിചെയ്യണം? പണം കൊടുത്താൽ എന്തും വിരൽത്തുമ്പിൽ കിട്ടുന്ന ഈ പുതിയ കാലത്ത് നമുക്കെന്തിന് നെൽപ്പാടങ്ങളും നെൽകൃഷിയും നെല്ലുകുത്തുമില്ലുകളും? പക്ഷേ ഒരു യാഥാർത്ഥ്യം നാം മറന്നുകൂടാ, ഈ ഭക്ഷണസാധനങ്ങളോടൊപ്പം







## ...എന്ന് വായനക്കാർ

ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് യാഥാർത്ഥ്യമാക്കിയത് പ്രഖ്യാപനം നടത്തികൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ പ്രസിദ്ധീകരിച്ച ലേഖനം, ദീർഘകാലാടിസ്ഥാനത്തിൽ നേടാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. ഏകീകൃതവകുപ്പിന്റെ രൂപീകരണത്തോടെ വിവിധവകുപ്പുകളുടെ ഏകോപിത ശേഷി പൂർണ്ണതോതിൽ ലഭ്യമാക്കാൻ കഴിയും എന്നും അത് എപ്രകാരമാണ് സാധ്യമാക്കേണ്ടത് എന്നും അദ്ദേഹം സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ ഏകീകൃത തദ്ദേശസ്വയംഭരണ ദിനം 2022 മായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും 2020-21 വർഷത്തെ മികച്ച പഞ്ചായത്തുകളുടെ വിവരം പ്രസിദ്ധീകരിച്ചതും ഉന്നത നിലവാരം പുലർത്തിയെന്ന് എടുത്തുപറയട്ടെ. അതുപോലെതന്നെ ലോകജലദിനത്തിന്റെ പശ്ചാത്തലത്തിൽ കിട്ടാക്കനിയാകുന്ന കുടിവെള്ളം എന്നപേരിൽ പ്രസിദ്ധീകരിച്ച ലേഖനവും ശ്രദ്ധേയവും കാലിക പ്രസക്തവും ജലസംരക്ഷണത്തിന്റെ പ്രസക്തിയും അനിവാര്യതയും ഊന്നിപറയുന്നതുമായിരുന്നു. തദ്ദേശസ്ഥാപനങ്ങളിലെ GSTയും GST TDS ഉം സംബന്ധിച്ച് ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്നപേരിൽ ദീപ പി. പ്രസിദ്ധീകരിച്ച ലേഖനവും മികച്ചതായിരുന്നു. ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പഞ്ചായത്ത്‌രാജ് മാസികയുടെ ഫെബ്രുവരി ലക്കം മികച്ച നിലവാരം പുലർത്തുന്നു, എല്ലാ അണിയറപ്രവർത്തകർക്കും ആശംസകൾ.

**ശ്രീഹരി എ.**
തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

പണം കൊടുത്തുമഹാവ്യാധികൾ കൂടി നാം വിലയ്ക്കു വാങ്ങുകയാണ്. മായം കലർന്നതും വിഷം വമിക്കുന്നതും, നിറം ചേർത്തതുമായ ഭക്ഷ്യോത്പ്പന്നങ്ങളും ഭക്ഷണസാധനങ്ങളും വാങ്ങി നിരന്തരം കഴിച്ച് ജീവിതശൈലീരോഗങ്ങളുടെ 'ഹബ്ബായി' ദൈവത്തിന്റെ ഈ സ്വന്തം നാട് മാറുകയാണ്. മണ്ണിൽനിന്നും കൃഷിയിൽ നിന്നും കാലുവലിച്ച നാം ആശുപത്രിയിലേക്ക് കാലെടുത്തുവെച്ചു കൊണ്ടിരിക്കുന്നു എന്നതാണ് പരമമായ സത്യം.



**അക്ഷരാർത്ഥത്തിൽ ആധുനിക അടുക്കളകൾ യന്ത്രശാലകൾ തന്നെയാണ്. എല്ലാത്തിനും ഇപ്പോൾ യന്ത്രങ്ങൾ സജ്ജമായിരിക്കുന്നു - സ്വിച്ച് അമർത്തിയാൽ എല്ലാം റെഡി!**

പറഞ്ഞു വന്നത് നെല്ലുക്കുത്തില്ലാതായ നെല്ലുകുത്തുമില്ലുകളെക്കുറിച്ചാണ്. നെല്ലുകുത്തുമില്ലുകളിൽ ചെയ്തിരുന്ന അരക്കലും പൊടിക്കലുമെല്ലാം ഇപ്പോൾ നമ്മുടെ അടുക്കളയിൽ തന്നെ സാദ്ധ്യമാണല്ലോ. അതിനനുസരണമായി എല്ലാവിധ യന്ത്രസാമഗ്രികളും ഇപ്പോൾ സുലഭമായിരിക്കുന്നു. മിക്സിയും, ഗ്രൈൻഡറുമില്ലാത്ത വീടുകൾ തന്നെ ദുർലഭം. അക്ഷരാർത്ഥത്തിൽ ആധുനിക അടുക്കളകൾ യന്ത്രശാലകൾ തന്നെയാണ്. എല്ലാത്തിനും ഇപ്പോൾ യന്ത്രങ്ങൾ സജ്ജമായിരിക്കുന്നു - സ്വിച്ച് അമർത്തിയാൽ എല്ലാം റെഡി!

പക്ഷേ അരി ആഹാരപ്രിയരായ - മൂന്നുനേരവും അരി ആഹാരം കൂടിയേ തീരു എന്ന് ശീലിച്ചുപോയ മലയാളിക്ക് നെല്ലുകുത്ത് മില്ലുകളിൽ നെല്ലുകുത്ത് നിലയ്ക്കുന്നതും, നെൽകൃഷിയും നെല്പാടങ്ങളും തിരോഭവിക്കുന്നതും ഒട്ടുമേ ശുഭോദർക്കമായ കാര്യമല്ല. ആന്ധ്രയിൽ നിന്നും കർണ്ണാടകയിൽ നിന്നും ബംഗാളിൽ നിന്നും യഥേഷ്ടം അരി കിട്ടിയില്ലെങ്കിൽ- അരിയുമായെത്തുന്ന ലോറികളും റെയിൽ വാഗണുകളും ഒന്നു ബ്രേക്കിട്ടു പോയാൽ അടുക്കളയിലെ അരിക്കലങ്ങളിൽ ചിലന്തി വലകെട്ടുന്ന അവസ്ഥ വന്നുചേരും. ''ഞങ്ങളും കൃഷിയിലേക്ക്'' എന്ന കർമ്മപദ്ധതിയുമായി സംസ്ഥാന സർക്കാരും കൃഷിവകുപ്പും കാർഷിക കേരളത്തെ പുനരുജ്ജീവിപ്പിക്കാൻ പരിശ്രമിക്കുമ്പോൾ കേരളീയ സമൂഹം ഒരു മനസ്സോടെ കൈ മെയ്യ് മറന്ന് മണ്ണിലേക്കിറങ്ങണം. കേരളത്തിൽ അവശേഷിക്കുന്ന മുഴുവൻ നെല്പാടങ്ങളും കതിരണിയിക്കണം! അരിക്കുവേണ്ടിയുള്ള ഈ അന്യാശ്രയത്വം നേർപകുതി കണ്ടെങ്കിലും കുറയ്ക്കാൻ നമുക്ക് കഴിയണം. നെല്ലുകുത്ത് നിലച്ചുപോയ നെല്ലുകുത്തുമില്ലുകൾ വീണ്ടും ശബ്ദഘോഷത്തോടെ പ്രവർത്തിച്ചു തുടങ്ങണം! □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) March 2022
Annual Subscription ₹120, Published on 20 March 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS